# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാടായി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.2/1395/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 03/10/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടായി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാടായി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടായി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.2/1395/23 തീയ്യതി: 03/10/2023

## കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 16-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയരക്ടർ | 17-08-2023 | 25-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-08-2023 | 25-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്),
ശ്രീ.മനോജ് കുമാർ ടി ജോർജ്ജ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി.അന്ന അബ്രഹാം,ഓഡിറ്റർ (ഹയർ ഗ്രേഡ്),
ശ്രീ,നിഖിൽ.കെ,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സഹീദ് കായിക്കാരൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.റാഷിദ്.കെ.ടി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അശ്വിനി ചെമ്മഞ്ചേരി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബീന.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ:സമീർ.പി.കെ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ:രശ്മി.എൻ.ഇ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ:സുജോയ്.പി.വി | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീ.മുരളീധരൻ.വി.വി | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ.ശിവദാസൻ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ.അബ്ദുള്ള.കെ.പി | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 02-12-2022 |
| ശ്രീമതി.മിനി നാരായണൻ.പി.വി | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 03-12-2022 | 31-03-2023 |
| ശ്രീ.ജോസ് ജയകുമാർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 20-06-2022 |
| ശ്രീമതി വന്ദന.പി.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-06-2022 | 31-03-2023 |
| ശ്രീമതി.ഷീജ.കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പുതിയങ്ങാടി സർക്കിൾ | 01-04-2022 | 23-03-2023 |
| ശ്രീമതി.ഷൈമ.എ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പുതിയങ്ങാടിസർക്കിൾ | 24-03-2023 | 31-03-2023 |
| ശ്രീമതി.ജീജ.സി.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മാടായി സർക്കിൾ | 01-04-2022 | 18-10-2022 |

| | | | |
|---|---|---|---|
| ശ്രീമതി.ഷീജ.കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മാടായി സർക്കിൾ | 19-10-2022 | 21-11-2022 |
| ശ്രീ.അനീഷ് കുമാർ.ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മാടായി സർക്കിൾ | 22-11-2022 | 28-02-2023 |
| ശ്രീമതി.ഷീജ.കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,മാടായി സർക്കിൾ | 01-03-2023 | 31-03-2023 |
| ശ്രീ.വിനോദ് കുമാർ.ടി | കൃഷി ഓഫീസർ | 01-04-2022 | 09-08-2022 |
| ശ്രീ.സുനീഷ്.കെ | കൃഷി ഓഫീസർ | 10-08-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യ പത്രം | 1-1 |
| 2 | ജി.എസ്.റ്റി . ടി.ഡി.എസ് അഡ്വാൻസ് ക്രമീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | പാസ് ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല | 1-1-2 |
| 4 | ഭവന വായ്പ ഇല്ലാതിരിക്കെ ജി ഒ പ്രൊജക്ട് പ്രകാരം 557989/-രൂപ സ്രോതസ്സിൽ നിന്നും കുറവ് വരുത്തി. | 1-1-3 |
| 5 | അഡ്വാൻസായി നൽകിയ തുകകൾ മുഴുവൻ ഉൾപ്പെടുത്തി ബി-18 ഷെഡ്യൂൾ സമ്പൂർണ്ണമാക്കിയിട്ടില്ല. | 1-1-4 |
| 6 | ക്യാഷ് ഫ്ലോ പത്രികയിലെ അപാകം | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല. | 1-1-6 |
| 8 | പത്രികകൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ഫണ്ട് വിനിയോഗിക്കാതെ നിലനിർത്തിയതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. | 1-1-8 |
| 10 | എ.സി.ആർ സമ്പൂർണ്ണമാക്കി സൂക്ഷിക്കുന്നില്ല. | 1-1-9 |
| 11 | നോൺ ബാങ്കിംഗ് ട്രഷറി ഇടപാടുകൾക്ക് വേണ്ടി ആരംഭിച്ച അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല. | 1-1-10 |
| 12 | സ്റ്റോക്ക് & സെയിൽസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. | 1-1-11 |
| 13 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-12 |
| 14 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | ബജറ്റ് ഡോക്യൂമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 1-2-1 |
| 17 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നുവെങ്കിലും പ്രാവർത്തികമാക്കുന്നതിൽ പരാജയപ്പെടുന്നു. | 1-2-2 |
| 18 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 19 | ഫണ്ട് വിനിയോഗം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | വിനിയോഗത്തിലെ കുറവ്-ഗ്രാമപഞ്ചായത്തിന് അനുവദിച്ച പദ്ധതിവിഹിതത്തിൽ 81,78,511/- രൂപ ലാപ്സായി. | 1-5-1 |
| 22 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | ക്ഷേമ പദ്ധതികൾ | 1-7 |

| | | |
|---|---|---|
| 24 | ക്യാഷ് പരിശോധന | 1-8 |
| 25 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | ഗ്രാമസഭ | 1-11 |
| 28 | 60ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള പാർപ്പിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി-കുടിശ്ശിക ഉൾപ്പെടെ വസ്തു നികുതി ഈടാക്കേണ്ടതാണ്. | 1-12 |
| 29 | നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കി. | 1-13 |
| 30 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ-വരുമാനനഷ്ടമുണ്ടാകുന്നു. | 1-14 |
| 31 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ ഡിമാന്റ് ചെയ്യുന്നതിലും ചുമത്തുന്നതിലുമുള്ള അപാകങ്ങൾ | 1-15 |
| 32 | നവീകരിച്ച മത്സ്യ മാർക്കറ്റ് ലേലം -270515/- രൂപ അടവാക്കിയില്ല. | 1-16 |
| 33 | ചേരിക്കള്ളി മഞ്ചയിൽ നിന്നും മത്സ്യം പിടിക്കുന്നതിനുള്ള അവകാശം ലേലം-₹ 2,05,532 പിഴപ്പലിശ സഹിതം ഈടാക്കുന്നതിലെ കാലതാമസം. | 1-17 |
| 34 | ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചതിലെ കുറവ്. ₹168756 | 1-18 |
| 35 | തനത് വരുമാനം-ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച പൊതു അവലോകനം. | 1-19 |
| 36 | നോൺ ബാങ്കിംഗ് ട്രഷറി ഇടപാടുകൾക്ക് വേണ്ടി ആരംഭിച്ച നിർവഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ട് നിർത്തൽ ചെയ്യേണ്ടതാണ്. | 1-20 |
| 37 | മാടായിപ്പാറയിൽ ഷീ ടോയ് ലെറ്റ് നിർമ്മാണം-985381/-രൂപ ചെലവഴിച്ച പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല. | 1-21 |
| 38 | ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. | 1-22 |
| 39 | ഗവ. ഹോമിയോ ഡിസ്പെൻസറിയിലും ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിലും മരുന്ന് ലഭ്യമായിട്ടില്ല -₹200000 തടസ്സപ്പെടുത്തുന്നു. | 1-23 |
| 40 | എ.ബി.സി. പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.ചെലവ് തുക 150000 രൂപ തടസപ്പെടുത്തുന്നു. | 1-24 |
| 41 | ലൈഫ് മിഷൻ ഭവനപദ്ധതി-വായ്പ നിലവിലില്ലാതിരുന്നിട്ടും സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്യുന്നു.വികസനഫണ്ടിനത്തിൽ ലഭിക്കേണ്ട തുകയിൽ നിന്നും കുറവ് ചെയ്തത് 557989/-രൂപ | 1-25 |
| 42 | കുടിവെള്ളക്കരം ഒടുക്കൽ അപാകങ്ങൾ- 1000000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-26 |

| | | |
|---|---|---|
| 43 | കോക്ലിയർ ഇംപ്ലാന്റിന് തുക നൽകിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - 50000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-27 |
| 44 | നിക്ഷേപ പ്രവൃത്തികളുടെ നിർവഹണത്തിലെ അപാകങ്ങളും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതും-659975/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 45 | ബഡ്സ് സ്കൂൾ കരാർ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചത് - രേഖകൾ ലഭ്യമല്ല. ചെലവ് തുക 110851 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. | 1-29 |
| 46 | മഴക്കാല പൂർവ ശുചീകരണം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ചെലവ് തുക- 200000 രൂപ തടസപ്പെടുത്തുന്നു. | 1-30 |
| 47 | ഐ.കെ.എം വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.150725 രൂപ തടസപ്പെടുത്തുന്നു | 1-31 |
| 48 | സ്മാർട്ട് ഐ പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 177000 രൂപ തടസ്സപ്പെടുത്തുന്നു. | 1-32 |
| 49 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-33 |
| 50 | അങ്കണവാടി പോഷകാഹാരം-ട്രാൻസ്‌പോർട്ടേഷൻ ചാർജിനത്തിൽ ₹ 704 അധികം നൽകി-ചെലവ് തടസ്സപ്പെടുത്തുന്നു. | 1-34 |
| 51 | മെൻസ്ട്രവൽ കപ്പ് വിതരണം-287 എണ്ണം വിതരണം ചെയ്യാതെ അവശേഷിക്കുന്നു-₹86100 തടസ്സപ്പെടുത്തുന്നു | 1-35 |
| 52 | ലൈഫ് ഭവനപദ്ധതി- ഗുണഭോക്തൃരജിസ്റ്ററിലെ രേഖപ്പെടുത്തലുകളിലെ അപാകം | 1-36 |
| 53 | ലൈഫ് ഭവനനിർമ്മാണം -2020-21 സാമ്പത്തിക വർഷം അഡ്വാൻസ് കൈപ്പറ്റിയ 2 ഗുണഭോക്താക്കൾ നാളിതുവരെയായി ഭവനനിർമ്മാണം ആരംഭിച്ചില്ല. | 1-37 |
| 54 | ഭവന പുനരുദ്ധാരണം-കരാർ കാലാവധി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയായില്ല. | 1-38 |
| 55 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ-സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ₹54989 തടസ്സപ്പെടുത്തുന്നു. | 1-39 |
| 56 | പട്ടിക ജാതിക്കാരായ വയോജനങ്ങൾക്ക് കട്ടിൽ വിതരണം-വിതരണം ചെയ്തതിലെ കുറവ്. | 1-40 |
| 57 | വാട്ടർ ടാങ്ക് വിതരണം-പ്രോജക്റ്റ് നിർവഹണത്തിലെ അപാകങ്ങൾ.240000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-41 |
| 58 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് തുക അനുവദിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല- 20000 രൂപയുടെ | 1-42 |

| | | |
|---|---|---|
| | ചെലവ് തടസപ്പെടുത്തുന്നു | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യ പത്രം

1)കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മാടായി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 10-07-2023 തീയ്യതിയിലെ 191/2023(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 17-07-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാടായി ഗ്രാമപഞ്ചായത്തിന്റെ 31-03- 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാടായി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയരക്ടർ ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

കണ്ണൂർ,
03.10.2023

### 1-1-1 ജി.എസ്.റ്റി . ടി.ഡി.എസ് അഡ്വാൻസ് ക്രമീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

460500399 Advance To Other Agencies എന്ന ഹെഡ്ഡിൽ GST TDS എന്ന ഹെഡ്ഡിൽ (ബി 18 ഷെഡ്യൂൾ) ഉൾപ്പെട്ട തുകയിൽ 23071 രൂപ 21-03-2019 മുതൽ ബാലൻസായി തുടരുന്നതായി അഡ്വാൻസ് രജിസ്റ്ററിൽ കാണുന്നുണ്ട്. പ്രസ്തുത അഡ്വാൻസിന്റെ വിശദാംശങ്ങളും തുക ക്രമീകരിക്കപ്പെടാതെ നിലനിർത്തിയതിന്റെ കാരണവും വിശദീകരിക്കപ്പെട്ടിട്ടില്ല.

### 1-1-2 പാസ് ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല

താഴെ ചേർക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പാസ് ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ |
|---|---|
| 1 | SBI Nirmal Puraskar (67117694193) (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ) |
| 2 | INACTIVE OLD VPFAI(5001001325) (ട്രഷറി) |

മേൽ പരാമർശിച്ച അക്കൗണ്ടുകളുടെ പാസ് ബുക്ക്, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

### 1-1-3 ഭവന വായ്പ ഇല്ലാതിരിക്കെ ജി ഒ പ്രൊജക്ട് പ്രകാരം 557989/-രൂപ സ്രോതസ്സിൽ നിന്നും കുറവ് വരുത്തി.

ജി ഒ പ്രൊജക്ട് ഇനത്തിൽ (ലൈഫ് പദ്ധതി വായ്പ തിരിച്ചടവ്) തൻവർഷം 557989/- രൂപ കുറവ് ചെയ്തിട്ടുണ്ട്. ഭവനനിർമ്മാണ വായ്പ ഇല്ലാതെ തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂളിൽ തിരികെ ലഭിക്കാനുള്ള ആസ്തി മൂല്യമായി രേഖപ്പെടുത്തിയിട്ടില്ല.

### 1-1-4 അഡ്വാൻസായി നൽകിയ തുകകൾ മുഴുവൻ ഉൾപ്പെടുത്തി ബി-18 ഷെഡ്യൂൾ സമ്പൂർണ്ണമാക്കിയിട്ടില്ല.

2022-23 വർഷം കെ.എസ്.ഇ.ബിക്ക് അഡ്വാൻസായി നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യ പത്രങ്ങൾ ലഭിച്ചിട്ടില്ല. പ്രസ്തുത തുകകൾ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-5 ക്യാഷ് ഫ്ലോ പത്രികയിലെ അപാകം

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-6 ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

മാടായി ഗ്രാമ പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

### 1-1-7 പത്രികകൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62 (2) പ്രകാരമുള്ള അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-8 ഫണ്ട് വിനിയോഗിക്കാതെ നിലനിർത്തിയതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പദ്ധതി ഇനത്തിൽ 2013-14 വർഷം ലഭിച്ച 637500 രൂപയും 2014-15 വർഷം ലഭിച്ച 7,50,000 രൂപയും ഇപ്പോഴും ചെലവഴിക്കാതെ അവശേഷിക്കുന്നു.

### 1-1-9 എ.സി.ആർ സമ്പൂർണ്ണമാക്കി സൂക്ഷിക്കുന്നില്ല.

എസ്.എസ്.എ, സാക്ഷരത ഇനങ്ങളിലുള്ള വരവ് ചെലവുകളുടെ വിശദാംശങ്ങൾ എ.സി.ആറിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-10 നോൺ ബാങ്കിംഗ് ട്രഷറി ഇടപാടുകൾക്ക് വേണ്ടി ആരംഭിച്ച അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല.

കാനറാ ബാങ്കിലുള്ള പ്ലാൻ അക്കൗണ്ട് (42362200022648) നോൺ ബാങ്കിംഗ് ട്രഷറിയുമായി ഇടപാട് നടത്തിയിരുന്ന കാലത്ത് ആരംഭിച്ചതാണ്. ഇപ്പോൾ ഈ അക്കൗണ്ടിൽ 48267/-രൂപ നീക്കിയിരിപ്പുണ്ട്. തുക തിരിച്ചടയ്ക്കാതെ സൂക്ഷിച്ചിരിക്കുന്നതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

### 1-1-11 സ്റ്റോക്ക് & സെയിൽസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

ടെണ്ടർ ഫോമുകളുടെ സ്റ്റോക്ക് & സെയിൽസ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-12 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ ഇൻവെസ്റ്റ്മെന്റ് /ഷെയർ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ-15/22-08-2023)

### 1-1-13 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണ ചെലവ് സംബന്ധിച്ച് ലഭ്യമാക്കിയ കണക്ക് വാർഷിക ധനകാര്യ പത്രികയിലെ (ആർ.പി. 30) കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 05-02-2022 തീയതിയിലെ യോഗത്തിലെ 22/2022 നമ്പർ തീരുമാനപ്രകാരമുള്ള ബജറ്റ് ശിപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മാടായി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 24-03-22 തീയതിയിൽ രാവിലെ ചേർന്ന സാധാരണ യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ-81/22) 26-03-22 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ പ്രത്യേക യോഗത്തിൽ 82/22 നമ്പർ തീരുമാന പ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 24-02-2023 തീയതിയിലെ യോഗത്തിലെ തീരുമാനപ്രകാരം (27/2023) ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശ നൽകുകയും ഭരണസമിതിയുടെ 03-03-2023 തീയതിയിലെ സാധാരണയോഗത്തിൽ 69/23 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1598591 | 12061684 |
| വരവ് | 418029027 | 293700656 |
| ആകെ | 419627618 | 305762340 |
| ചെലവ് | 411779217 | 299761357 |
| നീക്കിയിരിപ്പ് | 7848401 | 6000983 |

### 1-2-1 ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2022-23 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി

സൂക്ഷിച്ചിട്ടില്ല.

## 1-2-2 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നുവെങ്കിലും പ്രാവർത്തികമാക്കുന്നതിൽ പരാജയപ്പെടുന്നു.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ (ഉദാ:അധിക നിർമ്മാണം കണ്ടെത്തി കൂടുതൽ നിർമ്മിച്ച ഏരിയക്ക് വസ്തു നികുതി ചുമത്തൽ, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി ഫൈൻ ഈടാക്കൽ മുതലായവ) ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിൽ യാതൊരു പുരോഗതിയുമുണ്ടായിട്ടില്ല. വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധിക വിഭവ സമാഹരണത്തിനുതകുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിനുമായി ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 25605006 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50208223 |
| ആകെ | 75813229 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38716634 |
| നീക്കിയിരിപ്പ് | 37096595 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3100344 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | - | 41939000 | 41939000 | 30705454 | 11233546 |
| വികസന ഫണ്ട് (എസ്.സി.പി.) | - | 5891000 | 5891000 | 4810002 | 1080998 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | - | 5673000 | 5673000 | 1408244 | 4264756 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | - | 6447000 | 6447000 | 3512980 | 2934020 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ് | 894641 | 5042935 +പലിശ 326972= 5369907 | 6264548 | 1207583 | 5056965 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 6552188 | 11129714 | 17681902 | 6431312 | 11250590 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 4661 | 24622666 | 24627327 | 24621001 | 6326 |
| എസ്.എസ്.എ | 97034 | 2845 | 99879 | - | 99879 |
| പൂരക പോഷകാഹാരം (ഐ.സി.ഡി.എസ്) | 9539 | 1566988 | 1576527 | 83771 | 1492756 |
| അംഗനവാടികൾക്ക് നെയിം ബോർഡ് | 700 | - | 700 | - | 700 |
| ഒ.ഡി.എഫ് | 118800 | - | 118800 | - | 118800 |
| സാക്ഷരത | 5160 | 152 | 5312 | - | 5312 |
| വിമുക്തി | 12900 | - | 12900 | - | 12900 |
| ബഡ്സ് സ്കൂൾ ഗ്രാന്റ് | 200000 | - | 200000 | - | 200000 |
| പഞ്ചായത്ത് ഇലക്ഷൻ | 16500 | - | 16500 | - | 16500 |
| വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള ധന സഹായം (ബഡ്സ്) | - | 1366900 | 1366900 | - | 1366900 |
| ഹെൽത്ത് ഗ്രാന്റ് | - | 187641 | 187641 | 97360 | 90281 |
| ഹെൽത്ത് ഗ്രാന്റ് -പി.എച്ച്.സി അടിസ്ഥാന സൗകര്യം | - | 325743 | 325743 | 94747 | 230996 |
| പ്രത്യേക ഗ്രാന്റ് (ഐ.സി.ഡി.എസ്) | - | 30000 | 30000 | - | 30000 |
| മുനിസിപ്പൽ കോർപ്പറേഷൻ വിഹിതം | 1993505 | - | 1993505 | 1722711 | 270794 |
| ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പദ്ധതി (എസ്.സി.പി.) ബ്ലോക്ക് വിഹിതം (2014-15) | 7,50,000 | - | 7,50,000 | - | 7,50,000 |
| ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പദ്ധതി (എസ്.സി.പി.) | 637500 | - | 637500 | - | 637500 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് വിഹിതം (2013-14) | | | | | |
| ഭവന നിർമ്മാണം (എസ്.സി.പി.) ജില്ലാ പഞ്ചായത്ത് | 5,60,000 | - | 5,60,000 | - | 5,60,000 |
| ബഡ്സ് സ്കൂൾ ബിൽഡിംഗ് നിർമ്മാണം (ജില്ലാ പഞ്ചായത്ത്) | 197923 | - | 197923 | - | 197923 |
| ബഡ്സ് സ്കൂൾ ബിൽഡിംഗ് നിർമ്മാണം (ബ്ലോക്ക് പഞ്ചായത്ത്) | 8061 | - | 8061 | - | 8061 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 206 | 131367767 | 131 | 62525562 | 8 | 123 | 75 | 59.70 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 5476400 | 5476400 | 100 |
| വെറ്റിനറി സർജൻ | 5 | 5 | 2412000 | 2412000 | 100 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 12 | 10 | 6081727 | 4979128 | 81.87 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 3 | 1313400 | 1236576 | 94.15 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 7 | 6 | 5795595 | 2340897 | 40.39 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 13 | 10 | 27350000 | 9232309 | 33.76 |
| ഐസിഡിഎസ് സൂപ്പർവൈസർ | 12 | 12 | 7978696 | 6959448 | 87.23 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 931202 | 834202 | 89.58 |
| സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | 35 | 25 | 11042328 | 7930198 | 71.82 |

| | | | | | |
|---|---|---|---|---|---|
| ഹെഡ് മാസ്റ്റർ,ഗവ.എൽ പി സ്കൂൾ | 6 | 4 | 625930 | 319666 | 51.07 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 94 | 40 | 56921579 | 16509839 | 29 |
| അസിസ്റ്റന്റ് സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | 11 | 8 | 5238910 | 4094899 | 78.16 |
| ആകെ | 206 | 131 | 131367767 | 62525562 | 47.60 |

## 1-5-1 വിനിയോഗത്തിലെ കുറവ്-ഗ്രാമപഞ്ചായത്തിന് അനുവദിച്ച പദ്ധതിവിഹിതത്തിൽ 81,78,511/- രൂപ ലാപ്സായി.

2022-23 സാമ്പത്തികവർഷത്തിൽ 206 പ്രൊജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചതിൽ 131 പ്രൊജക്ടുകൾക്ക് തുക ചെലവഴിക്കുവാനാണ് സാധിച്ചത്. വിവിധ പ്രൊജക്ടുകളിൽ 131367767രൂപ വകയിരുത്തിയതിൽ 62525562/- രൂപ മാത്രമാണ് ചെലവഴിച്ചത്. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് ഇനത്തിൽ ലഭിച്ച തുകയുടെ ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വികസന ഫണ്ട് സ്രോതസ്സുകൾ | ലഭിച്ച തുക | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം | കാരി ഓവർ വിഹിതമായി 2023-24 വർഷത്തിൽ ലഭിച്ച തുക |
|---|---|---|---|---|---|
| പൊതുവിഭാഗം-സാധാരണഫണ്ട് | 41939000 | 30705454 | 11233546 | 73.20 | 8387800 |
| എസ്.സി.പി. | 5891000 | 4810002 | 1080998 | 81.65 | 523009 |
| മെയിന്റനൻസ് ഫണ്ട് ( റോഡ്) | 5673000 | 1408244 | 4264756 | 24.82 | 1134600 |
| മെയിന്റനൻസ് ഫണ്ട് ( നോൺ റോഡ് ) | 6447000 | 3512980 | 2934020 | 54.49 | 1289400 |
| ആകെ | | | 19513320 | | 11334809 |

വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ അടങ്കൽ തുകയുടെ കാര്യത്തിൽ സംസ്ഥാന ബജറ്റിന്റെ അനുബന്ധം-IV പ്രകാരം ലഭിക്കുന്ന തുകയോടൊപ്പം വികസന ഫണ്ടിനത്തിലും സംരക്ഷണ ഫണ്ടിനത്തിലും പൂർണ്ണമായും ചെലവഴിക്കാത്ത തുകകളുടെ ഇരുപത് ശതമാനം വരെ തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്ത് ലഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. (സ.ഉ(കൈ)നം.79/2021/ധന തീയതി 15-07-2021, സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19-04-2022 പ്രകാരം പുറപ്പെടുവിച്ച വാർഷികപദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.4.1 എന്നിവ പ്രകാരം). 2022-23 സാമ്പത്തിക വർഷം വിനിയോഗിക്കാതിരുന്ന 19513320/- രൂപയിൽ ഇപ്രകാരം ക്യാരി ഓവർ ചെയ്ത് 2023-24 സാമ്പത്തികവർഷം അനുവദിച്ച തുക 11334809/-രൂപയാണ്. ഫലത്തിൽ സർക്കാർ അനുവദിച്ച ഫണ്ടിന്റെ വിനിയോഗത്തിലുണ്ടായ കുറവ് മൂലം ഗ്രാമപഞ്ചായത്തിന് ലാപ്സായത് 8178511/-രൂപയാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പിഴവും മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കാത്തതും പൊതുമരാമത്ത് വിഭാഗത്തിൽ നിർവ്വഹിക്കാൻ കഴിയുന്നതിലും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തതുമാണ് ഫണ്ട് ലാപ്സാകുവാനിടയാക്കിയത്. വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കുന്നുവെന്നും അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളുവെന്നും പദ്ധതിയുടെ പുരോഗതി യഥാസമയം മോണിറ്ററിംഗ് ചെയ്യുന്നുവെന്നും പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം പൂർത്തിയാക്കുന്നുവെന്നും ഭരണ സമിതി ഉറപ്പാക്കേണ്ടതാണ്. അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്. പ്രോജക്ടുകളുടെ എണ്ണം കുറച്ച്, ഏറ്റെടുക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കി പദ്ധതി ചെലവ് പരമാവധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

വികസനഫണ്ട് പൊതുവിഭാഗം, മെയിന്റനൻസ് ഫണ്ട് (റോഡ്), മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) എന്നിവ ഫലപ്രദമായി വിനിയോഗിക്കുന്നതിന് കഴിഞ്ഞില്ല. തൻ വർഷം ലഭിച്ച പദ്ധതി വിഹിതത്തിൽ ചെലവഴിക്കാതിരുന്നത് 81.79 ലക്ഷം രൂപയാണ്. കൃഷി ഓഫീസർ, വെറ്റിനറി സർജൻ,ഐ സി ഡി എസ്

സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ (ഹോമിയോ), മെഡിക്കൽ ഓഫീസർ (പി എച്ച് സി), സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർക്ക മാത്രമാണ് വകയിരുത്തിയ തുകയുടെ 80 ശതമാനത്തിലധികം ചെലവഴിക്കാൻ കഴിഞ്ഞത്. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 94 പ്രോജക്ടുകളിൽ 40 എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കാൻ സാധിച്ചത്. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിലാണ് ഫണ്ട് വിനിയോഗം വളരെയധികം കുറവ് വന്നതും തുക ലാപ്സാവുന്നതിനിടയാക്കിയതും.

ഗ്രാമപഞ്ചായത്തിന്റെ ജാഗ്രതക്കുറവ് മൂലം 81.78 ലക്ഷം രൂപ തൻവർഷം ചെലവഴിക്കാനാകാതെ നഷ്ടപ്പെട്ടുവെന്നത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും, ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ച ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. മുൻവർഷങ്ങളിലും വിനിയോഗത്തിലെ കുറവ് മൂലം സമാനമായ രീതിയിൽ ഫണ്ട് നഷ്ടപ്പെട്ടിട്ടുണ്ട്. ഫണ്ട് വിനിയോഗത്തിലെ കുറവ് മൂലം തുടർച്ചയായ വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിന് ഫണ്ട് നഷ്ടപ്പെടുന്നതിനുള്ള പ്രധാന കാരണം ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും നിർവഹണ ഉദ്യോഗസ്ഥരും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധയും ജാഗ്രതയും പുലർത്തുന്നതിലുണ്ടായ വീഴ്ചയാണെന്ന് വിലയിരുത്തുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല. വാർഷിക പദ്ധതി രൂപീകരണത്തിനായി മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. ആസൂത്രണം ചെയ്യുന്ന പദ്ധതികളുടെ നിർവ്വഹണം ഫലപ്രദമാണോയെന്ന് യഥാസമയം മോണിട്ടറിംഗ് നടത്തിയശേഷം റിപ്പോർട്ട് നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവ ഫലപ്രദമായി നിർവ്വഹിച്ചിട്ടില്ല. ആയത് ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4661 | 951665 | 956326 | 950000 | 6326 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുക (Material Cost ഉൾപ്പെടെ) | - | 23671000 | 23671000 | 23671000 | 0 |
| ആകെ | 4661 | 24622665 | 24627326 | 24621000 | 6326 |

ഗ്രാമപഞ്ചായത്തിലെ എം.എൻ.ആർ.ഇ.ജി.എസ് വിഭാഗം ലഭ്യമാക്കിയ കണക്കാണ് മേൽ ചേർത്തിരിക്കുന്നത്. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കുമായി ആയത് പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 24 | 367200 |
| വിധവാ പെൻഷൻ | 1323 | 18217000 |
| വാർദ്ധക്യകാല പെൻഷൻ | 2749 | 37020600 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 424 | 12315200 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 80 | 1130800 |
| വിവാഹ ധനസഹായം | 3 | 90000 |
| തൊഴിൽരഹിത വേതനം | 6 | 8640 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-08-2023 തീയ്യതിയിൽ 03-10 PM സമയത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6279/-രൂപയുടെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു. ഗ്രാമപഞ്ചായത്തിന്റെ ഇംപ്രസ്റ്റ് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് 200/- രൂപയുൾപ്പെടെ (ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ കാണുക) ആകെ ക്യാഷ് നീക്കിയിരിപ്പ് 6479/-രൂപയാണ്.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. പൊതുഭരണവും വിവിധ മേഖലകളിലെ പ്രവർത്തനവും അവലോകനം നടത്തിയത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാത്ത നിർമ്മാണവും വിപുലീകരണവും ക്രമവൽക്കരണം നടത്തി വസ്തുനികുതിയും ക്രമവൽക്കരണഫീസും ഈടാക്കുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിച്ച് യഥാസമയം നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല.

തൊഴിൽ നികുതി ഡാറ്റാ ബേസ് (തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ) തയ്യാറാക്കുന്നതിലെ വീഴ്ച മൂലം തൊഴിൽ നികുതി ചുമത്തുന്നതിൽ നിന്ന് സ്ഥാപനങ്ങളും ജീവനക്കാരും ഒഴിവായിട്ടുണ്ട്. ഇക്കാരണത്താൽ നികുതി ചോർച്ചയുണ്ടാകുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വാർഡ് തലത്തിലുള്ള അംഗീകൃത ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുന്നില്ല. അംഗീകൃത ട്രേഡേഴ്സ് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച് കൃത്യമായ കണക്കുകൾ രൂപപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്തിന് സാധിക്കുന്നില്ല.

സർക്കാർ അനുവദിക്കുന്ന വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ വിനിയോഗത്തിലുണ്ടായ കുറവ് മൂലം ഗ്രാമപഞ്ചായത്തിന് തൻവർഷം 81.78 ലക്ഷം രൂപ ലാപ്സായിട്ടുണ്ട്. തുടർച്ചയായ വർഷങ്ങളിൽ ഇപ്രകാരം ഫണ്ട് ലാപ്സാകുന്നത് ഗ്രാമപഞ്ചായത്തിലെ വികസനപ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി 2022-23 ഒന്നാം അർദ്ധവർഷത്തെ വരവ്-ചെലവ് സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കുന്നതിലെ കാലതാമസം സംബന്ധിച്ച വിഷയത്തിൽ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ജി എസ് ടി - ടിഡിഎസ് കുറവ് ചെയ്യാതെ മെറ്റിരിയൽ സപ്ലൈ കരാറുകാർക്ക് തുക നൽകുന്നതും മെറ്റിരീയൽ പ്രവൃത്തികളിലെ പർച്ചേസുകൾക്ക് ജി എസ് ടി ബില്ലുകൾ വാങ്ങി സൂക്ഷിക്കാത്തതും, റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ചെയിനേജ് രേഖപ്പെടുത്താത്തതും, തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള പൊതു ആസ്തികളുടെ നിർമ്മാണം ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി അപ്ഡേറ്റ് ചെയ്യാത്തതും, വിജിലൻസ് & മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കാത്തതും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി നിർവഹണത്തിലെ വീഴ്ചകളാണ്.

ഹരിതകർമ്മസേനയുടെ കണക്കുകൾ നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് അസിസ്റ്റന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അജൈവ മാലിന്യശേഖരണത്തിന് ക്ലീൻ കേരള കമ്പനി എന്ന സ്ഥാപനവുമായാണ് കരാറിലേർപ്പെട്ടിരിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിന് പ്ലാസ്റ്റിക് വസ്തുക്കൾ നൽകിയ ഇനത്തിൽ ലഭിക്കേണ്ട തുകയെ സംബന്ധിച്ച് ഹരിതകർമ്മസേനയുടെ പക്കൽ കൃത്യമായ കണക്കുകളില്ല. ശേഖരിച്ച അജൈവ മാലിന്യങ്ങൾക്ക് ക്ലീൻ കേരള കമ്പനിയിൽ നിന്നും ലഭിക്കേണ്ട തുക സംബന്ധിച്ച് കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഹരിതകർമ്മസേനക്ക് യൂസർ ഫീസ് പൂർണ്ണമായും പിരിച്ചെടുക്കുവാൻ സാധിക്കാത്തതും (പ്രത്യേകിച്ചും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും കടകളിൽ നിന്നും) ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഫലപ്രദമായ നടപടികൾ ഉണ്ടായതായി കാണുന്നില്ല. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് സമയബന്ധിതമായി പ്രഥമമറുപടി സമർപ്പിക്കുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ട്. 2019-20 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് അനന്തരറിപ്പോർട്ട് പുറപ്പെടുവിച്ചതിന് ശേഷം മാത്രമാണ് ഗ്രാമപഞ്ചായത്ത് പ്രഥമമറുപടി സമർപ്പിച്ചിട്ടുള്ളത്. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് ഗ്രാമപഞ്ചായത്ത് ഇതുവരെ പ്രഥമമറുപടി സമർപ്പിച്ചിട്ടുമില്ല.പ്രഥമമറുപടി സമർപ്പിച്ച ശേഷം ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ പിന്നീട് തുടർ നടപടികളൊന്നും സ്വീകരിച്ചതായും കാണുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

ഇ) വാർഷികകണക്കുകൾ പ്രകാരം റവന്യൂ വരവിനെക്കാൾ റവന്യൂ ചെലവ് കൂടി വരുന്ന സാഹചര്യവും നിലവിലെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ ഇത്തരത്തിലുള്ള പ്രതിമാസ റവന്യൂ വരവ്-ചെലവ് പരിശോധന നടത്തേണ്ടതും സാമ്പത്തികസ്ഥിതി അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എഫ്)തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജി)ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് തലത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. തൊഴിൽ നികുതി ഡാറ്റാ ബേസ് (തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ) തയ്യാറാക്കേണ്ടതാണ്.
മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ (ഒക്ടോബർ-നവംബർ 2022) റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 26 പരാമർശങ്ങൾ തീർപ്പാക്കുവാൻ ബാക്കിയുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ മുഴുവൻ തീർപ്പാക്കിയിട്ടുണ്ട്. തീർപ്പാക്കുവാൻ ബാക്കിയുള്ള പരാമർശങ്ങളിൻമേൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലും ഗ്രാമസഭകൾ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്നിട്ടുണ്ട്. 2022 മെയ്, ആഗസ്റ്റ്, ഒക്ടോബർ, 2023 ജനവരി മാസങ്ങളിൽ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി രൂപീകരണം, അവലോകനം, ലൈഫ് പദ്ധതി 2020 ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, വാർഷിക പദ്ധതി അവലോകനം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ അംഗീകരിക്കൽ മുതലായവ ഗ്രാമസഭയിലെ പ്രധാന അജണ്ടകളായി ഉൾപ്പെടുത്തുകയുണ്ടായി. പിന്നീട് 06/2023,07/2023 മാസങ്ങളിലായി നടന്ന ഗ്രാമസഭ മിനട്സുകൾ ഇതുവരെയായും എഴുതി പൂർത്തിയാക്കിയിട്ടില്ല. ഗ്രാമസഭ മിനട്സ് യഥാസമയം തന്നെ എഴുതി പൂർത്തിയാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 60ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള പാർപ്പിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി-കുടിശ്ശിക ഉൾപ്പെടെ വസ്തു നികുതി ഈടാക്കേണ്ടതാണ്.

സ.ഉ. (എം.എസ്) 358/15 തീ.16.12.2015 പ്രകാരം 60 ച.മീ വരെ വിസ്തീർണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വ്യക്തിയുടെ ഒരു വാസഗൃഹത്തെ 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ

പരിശോധിച്ചപ്പോൾ 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ലെന്ന് കാണാൻ സാധിച്ചു.

| ക്രമനമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | തറ വിസ്തീർണ്ണം (ച.മീ.) |
|---|---|---|---|
| 1 | 9/418 | കെ ടി പി സൈനബ | 77<br>(താഴത്തെ നില) |
| 2 | 6/55 | താഴത്തില്ലം കിഴക്കിനകത്ത് നാരായണ പിടാരർ | 98.7 (താഴത്തെ നില )<br>91.65 (ഒന്നാം നില) |
| 3 | 6/141 | കണ്ണം വീട്ടിൽ പടിഞ്ഞാറെ വഴി വീട്ടിൽ കൃഷ്ണൻ | 74.47<br>(താഴത്തെ നില) |
| 4 | 7/1154 | തെക്കൻ യോഹന്നാൻ | 66.4<br>(താഴത്തെ നില) |
| 5 | 7/759 | തെക്കിനപുരയിൽ കുഞ്ഞിക്കണ്ണൻ | 67.2<br>(താഴത്തെ നില) |
| 6 | 1/207 | പുന്നക്കൻ പാത്തുമ്മ | 63<br>(താഴത്തെ നില) |
| 7 | 2/12 | കൊവ്വപ്രത്ത് റാബിയ | 66<br>(താഴത്തെ നില) |
| 8 | 3/305 | പി ലീല | 120.3<br>(താഴത്തെ നില) |
| 9 | 3/327 | തുണ്ടി വളപ്പിൽ മാധവി | 116<br>(താഴത്തെ നില) |
| 10 | 3/373 | വി യശോദ, രതി കെ വി ,ചിത്ര വി, സുധീർ കുമാർ കെ വി | 124.14<br>(താഴത്തെ നില)<br>56.1<br>(ഒന്നാം നില) |
| 11 | 14/69 | കുണ്ടൻ ലീല | 67<br>താഴത്തെ നില |
| 12 | 13/85 | ചെല്ലരിയൻ മത്തായി | 70.56<br>താഴത്തെ നില |
| 13 | 13/347 | കൊയ്യിലേരിയൻ സാവിത്രി | 76.23<br>താഴത്തെ നില |
| 14 | 11/177 | അച്ചീരെ തറമ്മൽ കുറുക്കൻ ഖൈറുന്നീസ | 286<br>താഴത്തെ നില |
| 15 | 11/349 | കല്ലേൻ അന്ദ്റോസ് | 66<br>താഴത്തെ നില |
| 16 | 10/39 | കല്ലേൻ സദാനന്ദൻ | 62<br>താഴത്തെ നില |
| 17 | 10/185 | സി എച്ച് എമ്മല്ലി സൈമൺ | 105.7<br>(താഴത്തെ നില) |
| 18 | 10/294 | സി എച്ച് റജീന | 231<br>(താഴത്തെ നില) |
| 19 | 10/298 | തെക്കൻ മേരി | 63<br>(താഴത്തെ നില) |

| | | | |
|---|---|---|---|
| 20 | 10/379 | പൈതലേൻ റോസി | 83.83 (താഴത്തെ നില) |
| 21 | 6/363 | സുമ എ | 76.48 (താഴത്തെ നില) |
| 22 | 6/433 | തെക്കത്തി കല്യാണി | 76.26 (താഴത്തെ നില) |
| 23 | 5/195 | കെ കെ വത്സല സുധാകരൻ ശിവദാസ് | 70.6 (താഴത്തെ നില) |
| 24 | 5/251 | കുളങ്ങര വീട്ടിൽ ആഷ | 90 (താഴത്തെ നില) |
| 25 | 5/250 | കടാങ്കോട്ട് സുരേഷ്, ജിഷ | 70 (താഴത്തെ നില) |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.11/21.08.23) 2013 വർഷത്തെ നികുതി പരിഷ്കരണ സമയത്ത് ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധന നടത്തി രേഖപ്പെടുത്തിയ വിവരങ്ങളാണ് ഇപ്പോൾ സഞ്ചയയിലുള്ളതെന്നും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ അനുവദിക്കുന്ന സമയത്ത് പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കി. മേൽ പരാമർശിച്ച മുഴുവൻ പാർപ്പിടങ്ങളുടെയും ഫീൽഡ് പരിശോധന നടത്തിയതിന് ശേഷം കുടിശ്ശിക ഉൾപ്പെടെ വസ്തു നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കി.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207-ൽ വസ്തുനികുതി ഒഴിവാക്കി നൽകാവുന്ന കെട്ടിടങ്ങളെകുറിച്ച് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതിയും ഒഴിവാക്കി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.12/22.08.23) ലഭ്യമാക്കിയ മറുപടിയും ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട തുടർനടപടികളുടെ വിവരങ്ങളും ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ/ഉടമയുടെ പേര് | തറ വിസ്തീർണം | ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 1 | 5/529A | പി സന്തോഷൻ | 101.12 M2 | ടി കെട്ടിടം 10.12 M2 വിസ്തീർണ്ണം ഉള്ള ഷെഡാണ് ഡാറ്റാ എൻട്രി ചെയ്യുമ്പോൾ വന്ന തെറ്റാണ് സഞ്ചയ പ്യൂരിഫിക്കേഷൻ അനുവദിക്കുന്ന സമയത്ത് അപാകം പരിഹരിക്കുന്നതാണ്. |
| 2 | 5/398 | സെക്രട്ടറി സി പി ഐ എം ലോക്കൽ കമ്മിറ്റി | 98 M2 | കെട്ടിടം വായനശാലയാണ്. |
| 3 | 5/314 | ഫാസ്ലെ ഉമർ എഡ്യൂക്കേഷൻ ട്രസ്റ്റ് | 100m2 | കെട്ടിടം സ്കൂളാണ്. |
| 4 | 5/519 | കളത്തിൽ പറമ്പിൽ ബേബി | 96 M2 | പഴയ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി ഒഴിവുള്ള വീടാണ്. നികുതി ഈടാക്കേണ്ട കെട്ടിടം ആണെങ്കിൽ സർക്കാർ സഞ്ചയ പ്യൂരിഫിക്കേഷൻ അനുവദിക്കുന്ന മുറക്ക് ഫീൽഡ് പരിശോധന നടത്തി കുടിശ്ശിക |

| | | | | |
|---|---|---|---|---|
| | | | | സഹിതം നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് |
| 5 | 5/23 | വടക്കേ ഭാഗത്ത് നാരായണൻ | 91 M2 | പഴയ അസസ്മെൻ്റ് രജിസ്റ്റർ പ്രകാരം നികുതി ഒഴിവുള്ള വീടാണ്. നികുതി ഈടാക്കേണ്ട കെട്ടിടമാണെങ്കിൽ സർക്കാർ സഞ്ചയ പ്യൂരിഫിക്കേഷൻ അനുവദിക്കുന്ന മുറക്ക് ഫീൽഡ് പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതാണ്. |
| 6 | 7/934 | ജനറൽ മാനേജർ ടെലികോം | 689 M2 | പഴയ അസസ്മെൻ്റ് പ്രകാരം നികുതി നിലവിൽ ഉണ്ടായിരുന്നില്ല. നികുതിയി ഈടാക്കുന്നതിനുള്ള നിയമവശം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| 7 | 7/1106 | മുസ്ലിം എഡ്യൂക്കേഷൻ ആൻഡ് കൾച്ചറൽ അസോസിയേഷൻ | 486 M2 | സ്കൂൾ കെട്ടിടമാണ്. |
| 8 | 4/154 | വാണിയം വളപ്പിൽ ദാമോദരൻ | 104m2(താഴത്തെ നില) 104m2(ഒന്നാം നില ) | കെട്ടിടം വീടിനോട് ചേർന്ന് ഷെഡാണ് - ഫീൽഡ് പരിശോധന നടത്തി കെട്ടിടത്തിന്റെ ഡാറ്റ എൻട്രി ചെയ്തതിലെ അപാകം പരിഹരിക്കുന്നതാണ്. |
| 9 | 18/171 | താ അലിമുൽ ഇസ്ലാം ട്രസ്റ്റ് | 145m2 | സ്കൂൾ കെട്ടിടമാണ്. |
| 10 | 6/399 | പയ്യന്നൂർ കോ ഓപ്പറേറ്റീവ് എഡ്യൂക്കേഷണൽ സൊസൈറ്റി | 144.2m2 | മാടായി എയ്ഡഡ് കോളേജ് സമുച്ചയത്തിൽ പെടുന്ന കെട്ടിടമാണ്. |
| 11 | 15/303 | മാനേജർ കോൾഡ് സ്റ്റോറേജ് ആൻഡ് ഐസ് പ്ലാന്റ് | 129.2m2 | 2020 വർഷത്തിൽ ഫിഷറീസ് ഡിപ്പാർട്ട്മെൻറ് ഉടമസ്ഥതയിലുള്ള ടി കെട്ടിടം പൊളിച്ച് നീക്കിയിട്ടുണ്ട്. |
| 12 | 6/349 | റഷീദ അരീക്കോടൻ | 107.85m2 | കെട്ടിടം 2018-19 സാമ്പത്തിക വർഷം വരെ മാടായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാണ് ഉണ്ടായിരുന്നത്. നിലവിലുള്ള കെട്ടിട ഉടമയുടെ പേരിലേക്ക് ജമ മാറ്റുന്ന സമയത്ത് നികുതി ഈടാക്കാൻ വിട്ടുപോയിട്ടുണ്ട്. ആയതിനാൽ ഡാറ്റ പ്യൂരിഫിക്കേഷൻ അനുവദിക്കുന്ന സമയത്ത് കുടിശ്ശിക അടക്കം നികുതിയീടാക്കുന്നതാണ്. |

| | | | | |
|---|---|---|---|---|
| 13 | 18/527 | എളേടത്ത് സൈനബ മുതൽ 8 ആൾ | 90m2 | പഴയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി ഒഴിവുള്ള വീടാണ്. നികുതിയീടാക്കേണ്ട കെട്ടിടം ആണെങ്കിൽ സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ അനുവദിക്കുന്ന മുറക്ക് ഫീൽഡ് പരിശോധന നടത്തി കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 14 | 5/232 | പുത്തങ്കുടി ചന്ദു | 80m2 | പഴയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി ഒഴിവുള്ള വീടാണ്. നികുതിയീടാക്കേണ്ട കെട്ടിടം ആണെങ്കിൽ സർക്കാർ സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ അനുവദിക്കുന്ന മുറക്ക് ഫീൽഡ് പരിശോധന നടത്തി കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 15 | 6/110 | മീത്തലെവീട്ടിൽ വലിയകൃഷ്ണൻ അമ്പലവാസി | 40m2.(താഴത്തെ നില) 40m2(ഒന്നാം നില ) | പഴയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി ഒഴിവുള്ള വീടാണ്. നികുതിയീടാക്കേണ്ട കെട്ടിടം ആണെങ്കിൽ സർക്കാർ സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ അനുവദിക്കുന്ന മുറക്ക് ഫീൽഡ് പരിശോധന നടത്തി കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് |
| 16 | 19/393 | സെക്രട്ടറി സി പി ഐ എം മൂലക്കീൽ ബ്രാഞ്ച് കമ്മിറ്റി | 80m2 | കെട്ടിടം വായനശാലയാണ് |
| 17 | 11/59 | കപ്പിത്താൻ പറമ്പിൽ ഷാജി | 75m2 | ഡബിൾ എൻട്രി വന്നതാണ്. കെട്ടിടം സഞ്ചയയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് . |
| 18 | 18/529 | മാട്ടുക്കാരൻ അബ്ദുൾനാസർ | 70m2 | പഴയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി ഒഴിവുള്ള കെട്ടിടമാണ് . നികുതിയീടാക്കേണ്ട കെട്ടിടം ആണെങ്കിൽ സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ അനുവദിക്കുന്ന മുറക്ക് ഫീൽഡ് പരിശോധന നടത്തി കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 19 | 6/284 | അസിസ്റ്റന്റ് എൻജിനീയർ | 67.86m2 | പഴയ അസസ്മെന്റ് രജിസ്റ്റർ |

| | | | | |
|---|---|---|---|---|
| | | പി ഡബ്ള്യു ഡി | | പ്രകാരം നികുതി ഒഴിവുള്ള കെട്ടിടമാണ് . |
| 20 | 4/255 | തെക്കിൽ സതി | 67.26m2 | പഴയ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി ഒഴിവുള്ള വീടാണ്. നികുതിയിടാക്കേണ്ട കെട്ടിടം ആണെങ്കിൽ സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ അനുവദിക്കുന്ന മുറക്ക് ഫീൽഡ് പരിശോധന നടത്തി കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 21 | 10/300 | മീത്തലെ പുരയിൽ യശോദാ | 67m2 | പഴയ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി ഒഴിവുള്ള വീടാണ്. നികുതിയീടാക്കേണ്ട കെട്ടിടം ആണെങ്കിൽ സർക്കാർ സഞ്ചയ പ്യൂരിഫിക്കേഷൻ അനുവദിക്കുന്ന മുറക്ക് ഫീൽഡ് പരിശോധന നടത്തി കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 22 | 6/351 | നാലകത്ത് മൂസ | 66.08m2 | കെട്ടിടം 29.04.23 വരെ മാടായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാണ് ഉണ്ടായിരുന്നത്. നിലവിലുള്ള കെട്ടിട ഉടമയുടെ പേരിലേക്ക് ജമ മാറ്റുന്ന സമയത്ത് നികുതി ഈടാക്കാൻ വിട്ടുപോയിട്ടുണ്ട്. ആയതിനാൽ ഡാറ്റ പ്യൂരിഫിക്കേഷൻ അനുവദിക്കുന്ന സമയത്ത് കുടിശ്ശിക അടക്കം നികുതിയീടാക്കുന്നതാണ്. |
| 23 | 6/445 | സെക്രട്ടറി, മാർകിസ്റ്റ് പാർട്ടി മാടായി ലോക്കൽ കമ്മിറ്റി ഓഫീസ്. | 42m2 | പഴയ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി ഒഴിവുള്ള കെട്ടിടമാണ്. നികുതിയീടാക്കേണ്ട കെട്ടിടം ആണെങ്കിൽ സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ അനുവദിക്കുന്ന മുറക്ക് ഫീൽഡ് പരിശോധന നടത്തി കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 24 | 5/533 | താഴേക്കണ്ടി ശങ്കരൻ | 63m2 | പഴയ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി ഒഴിവുള്ള വീടാണ്. നികുതിയീടാക്കേണ്ട കെട്ടിടം ആണെങ്കിൽ സഞ്ചയ |

| | | | | |
|---|---|---|---|---|
| | | | | ഡാറ്റ പ്യൂരിഫിക്കേഷൻ അനുവദിക്കുന്ന മുറക്ക് ഫീൽഡ് പരിശോധന നടത്തി കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 25 | 4/237 | സതി കടവത്ത് വളപ്പിൽ | 62.72m2 | പഴയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി ഒഴിവുള്ള വീടാണ്. നികുതിയിടാക്കേണ്ട കെട്ടിടം ആണെങ്കിൽ സർക്കാർ സഞ്ചയ പ്യൂരിഫിക്കേഷൻ അനുവദിക്കുന്ന മുറക്ക് ഫീൽഡ് പരിശോധന നടത്തി കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 26 | 4/264 | വടക്കേപുരയിൽ സരസ്വതി | 61.87m2 | പഴയ അസസ്മെൻ്റ് രജിസ്റ്റർ പ്രകാരം നികുതി ഒഴിവുള്ള വീടാണ്. നികുതിയിടാക്കേണ്ട കെട്ടിടം ആണെങ്കിൽ സർക്കാർ സഞ്ചയ പ്യൂരിഫിക്കേഷൻ അനുവദിക്കുന്ന മുറക്ക് ഫീൽഡ് പരിശോധന നടത്തി കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

മേൽ പരാമർശിച്ച മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതും സഞ്ചയയിൽ മാറ്റം വരുത്തിയ ശേഷം നികുതി പുനർനിർണയിച്ച രേഖകൾ സഹിതം പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ- വരുമാനനഷ്ടമുണ്ടാകുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 16,17 എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. 2022-23 വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഫയലുകളും റിട്ടേണുകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ്.

2022-23 സാമ്പത്തിക വർഷം രണ്ടാം അർദ്ധവർഷത്തിൽ താഴെ പറയുന്ന ജീവനക്കാരനിൽ നിന്നും കുറഞ്ഞ നിരക്കിലാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | റിട്ടേണിൽ രേഖപ്പെടുത്തിയ അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|
| കെ സി സി പി ലിമിറ്റഡ് പഴയങ്ങാടി | പി.അനിത, ക്ലർക്ക് | 125200/- | 1000/- | 1250/- |

2.തൊഴിൽ നികുതി റിട്ടേണുകളിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം.

അടിസ്ഥാന ശമ്പളമോ അർദ്ധവാർഷിക വരുമാനമോ രേഖപ്പെടുത്താത്ത റിട്ടേൺ സമർപ്പിച്ചതിനാൽ തമാം ലബോറട്ടറി, കേനന്നൂർ ഫിഷറീസ് & കോൾഡ് സ്റ്റോറേജ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത വ്യക്തമായിട്ടില്ല.

3. പ്രധാന സ്ഥാപനങ്ങളിൽ നിന്നു പോലും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലെ വീഴ്ച.

A.ഗ്രാമപഞ്ചായത്തിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന ക്രസന്റ് ബി എഡ് സെന്റർ, ക്രസന്റ് ടീച്ചേർസ് ട്രെയിനിംഗ് സെന്റർ തുടങ്ങിയ പ്രധാന സ്ഥാപനങ്ങളിൽ നിന്ന് നാളിതുവരെയായും തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ഡിമാൻറ് നോട്ടീസ് നൽകുകയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

B.ദാ അലിമുൽ ഇസ്ലാം ട്രസ്റ്റ് എന്ന സ്ഥാപനത്തിൽ നിന്നും 2022-23 വർഷം ₹157570( രസീതി നം.1220102867/14.10.22. 85920/-,രസീതി നം.1220107647/31.3.22. 71650/-) തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്, എന്നാൽ ടി സ്ഥാപനത്തിൽ നിന്നും മുൻ വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട വിവരം ലഭ്യമല്ല. ധാരാളം ജീവനക്കാരുള്ള ഇത്തരം സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നു.

4. എഫ്.ടി ഇ & ഒ എസ് ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

എഫ്.ടി ഇ & ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ (ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയത് പ്രകാരം) നിന്നും 2022 - 23 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപന വിവരം | ജോലിക്കാരുടെ എണ്ണം |
|---|---|
| പാറക്കാട്ട് സ്റ്റീൽസ് | 6 |
| നോർത്ത് മലബാർ കോ ഓപ്പറേറ്റീവ് സൊസൈറ്റി - മെഡിക്കൽ സെന്റർ | 10 |
| ചിരാഗ് റസ്റ്റോറന്റ് | 4 |
| ന്യൂ ഇന്ത്യ സൂപ്പർ മാർക്കറ്റ് | 4 |
| മണവാട്ടി വസ്ത്രാലയം | 4 |
| സൗപർണ്ണിക വനിത ഹോട്ടൽ | 4 |
| കൊക്കോ കബാന റസ്റ്റോറന്റ് | 5 |
| ഗ്ലാഡ് വുഡ് | 4 |
| ടീത്ത് അസംബ്ലി യൂണിറ്റ് | 3 |
| ഷേണായ്സ് മെഡിക്കൽസ് | 4 |

5.തൊഴിൽ നികുതി ഡാറ്റാ ബേസ് തയ്യാറാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യസ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡാറ്റാ ബേസിന്റെ അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.10/22.08.23 ) വരുമാനം വ്യക്തമല്ലാത്ത സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ശമ്പള വിവരം തൊഴിലുടമയോട് ആവശ്യപ്പെട്ട് തൊഴിൽ നികുതി

ഈടാക്കിയതിലുള്ള അപാകത പരിഹരിക്കുമെന്നും പഞ്ചായത്ത് രേഖകളിൽ രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങളെ സ്ഥലപരിശോധന നടത്തി തൊഴിൽ നികുതി ഡാറ്റ ബേസിൽ ഉൾപ്പെടുത്തുമെന്നും കൂടാതെ ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നുമുള്ള മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള ഡാറ്റ ബേസ് അപ്ഡേറ്റ് ചെയ്യേണ്ടതും നികുതി ശോഷണം ഒഴിവാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 1-15 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ ഡിമാന്റ് ചെയ്യുന്നതിലും ചുമത്തുന്നതിലുമുള്ള അപാകങ്ങൾ

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ (സ ഉ (പി) നം.80/2017/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചത്) ചട്ടം 7, പട്ടിക II പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ മാടായി ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കുന്നതിനായി/പുതുക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെയാണ് ലൈസൻസ് ഫീസ് ഈടാക്കി കാണുന്നത്. ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്യുന്നതിലും ചുമത്തുന്നതിലുമുണ്ടായ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.അപേക്ഷകളിലെ രേഖപ്പെടുത്തലിലെ അപാകങ്ങൾ.

A.മൂലധന നിക്ഷേപം രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണ്ണയിച്ച മാനദണ്ഡം വ്യക്തമല്ല.

B.മൂലധനം രേഖപ്പെടുത്തിയ ചില അപേക്ഷകളിൽ ഒരേ മേഖലയിൽ ഒരേ മൂലധന നിക്ഷേപത്തിന് വ്യത്യസ്തമായ ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ലൈസൻസ് ഫീ ഡിമാൻഡ് രജിസ്റ്റർ പ്രകാരമുള്ള ക്രമനമ്പർ | പേര്, കെട്ടിട നമ്പർ | സ്ഥാപന വിവരം | രേഖപ്പെടുത്തിയ മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|---|
| 417 | 18/579 C,d | ബാച്ചി ഗ്രൂപ്പ് സ്റ്റേഷനറി | 50000/- | 800/- |
| 310 | 7/903,904,905,906 | കെ എം ചിപ്പ്സ് സെന്റർ | 50000/- | 600/- |
| 309 | 7/262 | വെളിച്ചെണ്ണ, നെറ്റ് താർപ്പായ കച്ചവടം | 50000/- | 500/- |
| 305 | 7/277 | സിമന്റ് കച്ചവടം | 50000/- | 300/- |
| 300 | 7/444 | അളവ് തൂക്ക ഉപകരണ വിൽപ്പന | 50000/- | 400/- |

ലൈസൻസ് ഫീസ് നിർണ്ണയത്തിലുണ്ടായ ഇത്തരം പൊരുത്തക്കേടിന് കാരണം വ്യക്തമാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്തിൽ പൊതുവെ വളരെ കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത് ഈടാക്കുന്നത്.മൂലധനനിക്ഷേപം ശരിയായി നിർണ്ണയിക്കുന്നതിലും കാലികമായി പരിഷ്കരിക്കുന്നതിലുമുണ്ടായ വീഴ്ച കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിനിടയാക്കുന്നതായി വ്യക്തമാവുന്നു.

2.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായിപ്പോകാതിരിക്കുവാൻ ആവശ്യമെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ വ്യാപാരവ്യവസായ സ്ഥാപനങ്ങൾക്കും പ്രത്യേക നമ്പർ നൽകി

അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ രീതിയിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
മേൽ പരാമർശങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 8/18.08.23) സ്ഥലപരിശോധന നടത്തി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിർണ്ണയിക്കുന്നതെന്ന മറുപടി തൃപ്തികരമല്ല. പുതിയ സ്ഥാപനങ്ങൾ തുടങ്ങുമ്പോഴും അന്വേഷണ റിപ്പോർട്ട്, മൂലധന നിക്ഷേപം എന്നിവ രേഖപ്പെടുത്താത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ലൈസൻസ് ഫീസ് നിർണ്ണയത്തിലെ കൃത്യത വ്യക്തമാകണമെങ്കിൽ മൂലധന നിക്ഷേപം ഉറപ്പുവരുത്തേണ്ടത് അനിവാര്യമായതിനാൽ ആയത് പരിശോധിക്കുന്നതിന് അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ പല സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ നിന്നും ഒഴിവായിപ്പോകാൻ സാധ്യതയുണ്ട്. ആയത് കണക്കിലെടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-16 നവീകരിച്ച മത്സ്യ മാർക്കറ്റ് ലേലം -270515/- രൂപ അടവാക്കിയില്ല.

മാടായി ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള നവീകരിച്ച മത്സ്യ മാർക്കറ്റിൽ നിന്നും 25.06.2022 മുതൽ 31.03.2023 വരെയുള്ള കാലയളവിൽ മത്സ്യം വിൽപ്പന നടത്തുന്നതിനായി ലേലം വിളിച്ചതിൽ 7 പേർ പങ്കെടുക്കുകയും ലേലം നടത്തിയതിൽ ഏറ്റവും കൂടുതൽ തുക വിളിച്ച പ്രശാന്ത് ഇ, തളിയിൽ ഹൗസ് എന്നവരുടെ 458500/- രൂപയുടെ ലേലം 29.06.22 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം 132/2022 (1) പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 14.06.22 ലെ നമ്പർ.എ3-1527/22 പ്രകാരം പുറപ്പെടുവിച്ച ലേല പരസ്യത്തിലെ വ്യവസ്ഥകൾ പ്രകാരം ലേലത്തിൽ കൂടിയ തുക വിളിക്കുന്നവരുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കേണ്ടതും ലേല തുകയുടെ പകുതി (18% ജി എസ് ടി ഉൾപ്പെടെ) അപ്പോൾ തന്നെ അടക്കേണ്ടതുമാണ്. ബാക്കി തുക മുഴുവനായും ലേല നടപടിക്രമം ഭരണസമിതി അംഗീകരിക്കുന്ന സമയത്ത് അടക്കേണ്ടതാണ്. അല്ലാത്തപക്ഷം ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായി തുക അടക്കാൻ തയ്യാറുള്ള അടുത്ത ലേലക്കാരന് ലേലം ഉറപ്പിക്കുമെന്നുമാണ് ലേലവ്യവസ്ഥയിലുള്ളത്.
1.രസീതി നമ്പർ 1220101074/25.6.22,1220101075/25.6.22 എന്നിവ പ്രകാരം ലേലത്തുകയുടെ 50 % ആയ 270515/- രൂപ (18% ജി എസ് ടി ഉൾപ്പെടെ) പ്രശാന്ത്.ഇ അടവാക്കിയിട്ടുണ്ട്. ബാക്കിത്തുക അടക്കുന്നതിന് 29.6.22 ലെ ഭരണസമിതി തീരുമാനം 132/2022 (4) പ്രകാരം 3 മാസത്തെ സാവകാശം അനുവദിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സമയത്തിനുള്ളിലും ലേലത്തുകയുടെ ബാക്കി അടവാക്കിയിട്ടില്ല. ലേലത്തുകയുടെ ബാക്കി അടവാക്കുന്നതിന് സാവകാശം അനുവദിച്ചത് ലേല നിബന്ധനകൾക്കും കരാർ നിബന്ധനകൾക്കും വിരുദ്ധമാണ്. മത്സ്യ മാർക്കറ്റ് ലേലം ഇനത്തിലുള്ള 270515/- രൂപ (229250+18%ജി എസ് ടി) പിഴപ്പലിശ സഹിതം അടവാക്കാത്തതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.23/22.08.23) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പയ്യന്നൂർ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയത്. കേസ് ഫയൽ ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കേസ് ഫയൽ ചെയ്തതുമായി ബന്ധപ്പെട്ട വിവരവും തുടർ നടപടി വിവരവും അറിയിക്കേണ്ടതും ബാക്കി തുക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 1-17 ചേരിക്കള്ളി മഞ്ചയിൽ നിന്നും മത്സ്യം പിടിക്കുന്നതിനുള്ള അവകാശം ലേലം-₹ 2,05,532 പിഴപ്പലിശ സഹിതം ഈടാക്കുന്നതിലെ കാലതാമസം.

മാടായി ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള ചേരിക്കള്ളി മഞ്ചയിൽ നിന്നും 01.4.22 മുതൽ 31.3.23 വരെയുള്ള കാലയളവിൽ മത്സ്യം പിടിക്കുന്നതിനുള്ള അവകാശം 281000/- രൂപയ്ക്ക് അഫ്സൽ കെ, കൊവ്വപ്പുറത്ത്, പഴയങ്ങാടി എന്നയാൾ ലേലം കൊണ്ടത് 31.3.2022 ലെ ഭരണസമിതി തീരുമാനം 85/2022(1) പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 24.03.22 ലെ നമ്പർ.എ-3 /1527/22 ലേല പരസ്യ പ്രകാരം ലേലത്തുകയുടെ പകുതി (18% ജി എസ് ടി) അപ്പോൾത്തന്നെ അടക്കേണ്ടതും ബാക്കിത്തുക 5 ദിവസത്തിനുള്ളിൽ അടക്കേണ്ടതുമാണ്. ലേലത്തുക ഈടാക്കുന്നതിലുണ്ടായ വീഴ്ചകൾ ചുവടെ കൊടുക്കുന്നു.
1.ലേലത്തുകയുടെ 50% ലേലസമയത്ത് തന്നെ അടയ്ക്കണമെന്ന ലേലപരസ്യത്തിലെ വ്യവസ്ഥ പാലിച്ചിട്ടില്ല. രസീതി നമ്പർ 121020107851/24.3.22 പ്രകാരം നിരതദ്രവ്യം 1000/- രൂപ മാത്രമാണ് ലേലം കൊണ്ട ദിവസം അടവാക്കിയത്. ലേല നിബന്ധനകൾക്ക് വിരുദ്ധമായി ഘട്ടം ഘട്ടമായി അഫ്സൽ കെ-യിൽ നിന്നും തുക ഈടാക്കിയതിന് കാരണം വ്യക്തമല്ല.
2.24.03.22 ലെ നമ്പർ എ.3 -1527/22 ലേല പരസ്യ പ്രകാരം ബാക്കിത്തുക 5 ദിവസത്തിനുള്ളിൽ അടവാക്കേണ്ടതാണ്. എന്നാൽ രസീതി നമ്പർ 121020107870/25.03.22 പ്രകാരം 50000/- രൂപ ഡെപ്പോസിറ്റായും, 17.10.22 ന് രസീതി നമ്പർ 1220102916 പ്രകാരം 25016/- രൂപയും ( 18% ജി എസ് ടി ഉൾപ്പെടെ), 2. 02. 23 ന് രസീതി നമ്പർ 1220104989 പ്രകാരം

50032/- രൂപയും ഘട്ടം ഘട്ടമായി ഈടാക്കി. ഇങ്ങനെ ഈടാക്കിയതിന് പിഴപ്പലിശ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.24/22.08.23) മറുപടിയായി പ്രസ്തുത വിഷയം പയ്യന്നൂർ കോടതിയിൽ കേസിലാണെന്ന വിവരം അറിയിച്ചു. എന്നാൽ കേസ് സംബന്ധിച്ച ഫയൽ പരിശോധനക്ക് ഹാജരാക്കുകയുണ്ടായില്ല. കേസ് ഫയൽ ചെയ്തതുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും അടവാക്കാൻ ബാക്കിയുള്ള മുഴുവൻ തുകയും പിഴ പലിശ സഹിതം ഈടാക്കാൻ സ്വീകരിച്ച നടപടികളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചതിലെ കുറവ്. ₹168756

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസ് ഇനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ചെയ്യുന്നത്. അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2015-16 മുതൽ 2022-23 വരെയുള്ള കാലയളവിൽ മാടായി ഗ്രാമപഞ്ചായത്തിന് ഈയിനത്തിൽ ₹ 2,65,031/- ലഭിക്കുവാനുള്ളതിൽ (2021-22 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-37 കാണുക.) 96275/-രൂപ മാത്രമാണ് (ചെക്ക് നമ്പർ-875459 തീയതി 15-10-22, രസീത് നമ്പർ-1220102896) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിൽ നിന്നും ഇതുവരെയായും ലഭിച്ചിട്ടുള്ളത്. ബാക്കിയുള്ള 168756/-രൂപ ലഭിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 തനത് വരുമാനം-ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച പൊതു അവലോകനം.

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് തനത് വിഭവസമാഹരണം അവലോകനത്തിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി, ലൈസൻസ് എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികുതിനികുതിയേതര വരവുകളുടെ ശോഷണത്തിന് ഇടയാക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകളിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും ആനുപാതികമായി റവന്യൂ വരവിൽ വർദ്ധനവുണ്ടായിട്ടില്ല. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് സമിതിയുടെയും തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടില്ല. റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം (Own Source Revenue) സംബന്ധിച്ച നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെയടിസ്ഥാനത്തിൽ തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

വസ്തുനികുതി:

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെയടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെയടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചിരുന്നവ) 2013 ഏപ്രിൽ 1 മുതലുമാണ് വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203 പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. ഇതു പ്രകാരം 2018-19 (01-04-2018 പ്രാബല്യത്തിൽ) സാമ്പത്തിക വർഷം മുതൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വരേണ്ടതായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കാരിന്റെ 22-03-2023 തീയതിയിലെ സ.ഉ.(കൈ)നമ്പർ.77/2023 /തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24 വർഷം പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ.(അച്ചടി)25/23 05-04-2023 തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാടായി ഗ്രാമപഞ്ചായത്തിലെ

അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ടും മേഖലകൾ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ റോഡുകൾ എന്നിവ പുതുക്കി നിശ്ചയിച്ചും ഭരണസമിതിയുടെ 10-07-2023 തീയതിയിലെ 193/23 നമ്പർ തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സഞ്ചയയിൽ പുതിയ നിരക്ക് ലഭ്യമല്ലാത്തതിനാൽ പഴയ നിരക്കിലാണ് ഇപ്പോഴും വസ്തു നികുതി ഈടാക്കുന്നതെന്ന് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.2/17.08.23) മറുപടി നൽകി. ഒട്ടുമിക്ക കെട്ടിടങ്ങൾക്കും ഉപവിഭാഗങ്ങൾക്കും കൂടിയ നിരക്ക് തന്നെ അന്തിമ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സേവന ഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല. വരവിനങ്ങളിലെ കുടിശ്ശിക വിവരവും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന കുടിശ്ശിക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. വാണിജ്യ കെട്ടിടങ്ങളിലെയും വാസഗൃഹങ്ങളുടെയും നിയമാനുസൃതം ഒഴിച്ചിടേണ്ട മുൻവശത്തെ തുറസായ സ്ഥലങ്ങൾ ചട്ടവിരുദ്ധമായി കെട്ടിയടച്ച് നടത്തുന്ന നിർമാണങ്ങൾ പൊളിച്ച് നീക്കുന്നതിനുള്ള നോട്ടീസ് നൽകിയതായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും കെട്ടിടയുടമകൾ 9 ബി ഫാറത്തിൽ നൽകിയ വിവരങ്ങളുടെയടിസ്ഥാനത്തിലും 01-04-2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണ ഉത്തരവിൽ നിഷ്കർഷിച്ച വ്യവസ്ഥകൾ പ്രകാരവും ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന ആരംഭിച്ചിട്ടില്ല. വസ്തുനികുതി ചുമത്തുന്നതിന് കെട്ടിടങ്ങളെ കണ്ടെത്തുന്നതിനുള്ള ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജി ഐ എസ്) മാപ്പിംഗ് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാത്ത സാഹചര്യത്തിൽ മുഴുവൻ കെട്ടിടങ്ങളും ഫീൽഡ് പരിശോധനയിലൂടെ തന്നെ കണ്ടെത്തേണ്ടതുണ്ട്. സർക്കാരിൽ നിന്നും ഇതു സംബന്ധിച്ച തുടർനിർദ്ദേശങ്ങൾ ലഭിക്കാത്തതിനാലാണ് തുടർനടപടികൾ സ്വീകരിക്കാതിരിക്കുന്നതെന്ന് ഗ്രാമപഞ്ചായത്ത് അറിയിക്കുകയുണ്ടായി. നിലവിലുള്ള കെട്ടിടങ്ങൾക്ക് അഞ്ച് ശതമാനം വർദ്ധനവ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ 01-04-2023 തീയതി മുതൽ വർദ്ധിപ്പിച്ച നിരക്കിൽ ഗ്രാമപഞ്ചായത്ത് നികുതി ഈടാക്കി വരുന്നുണ്ട്. എന്നാൽ സഞ്ചയയിൽ പുതിയ നിരക്ക് ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പുതിയ കെട്ടിടങ്ങൾക്ക് (01-04-23 മുതൽ നിർമ്മാണം പൂർത്തിയാക്കിയ) പഴയ നിരക്കിലാണ് ഇപ്പോഴും വസ്തു നികുതി ഈടാക്കുന്നതെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചു. അടിസ്ഥാന വസ്തുനികുതി നിരക്കുകൾ അന്തിമമാക്കി സഞ്ചയയിൽ ഉൾപ്പെടുത്തുന്ന തീയതിക്ക് മുൻപ് പഴയ നിരക്കുകളുടെയടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയ മുഴുവൻ പുതിയ കെട്ടിടങ്ങളുടെയും നികുതി പരിഷ്കരിക്കേണ്ടതും നികുതി വ്യത്യാസം ക്രമീകരിക്കേണ്ടതുമുണ്ട്. ഇക്കാര്യം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>വസ്തുനികുതി-സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലെ വീഴ്ച.</u>

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുതകെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവനഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാടായി ഗ്രാമപഞ്ചായത്ത് ഇത്തരം സേവനങ്ങൾക്കായി ലക്ഷക്കണക്കിന് രൂപ വർഷങ്ങളായി ചെലവഴിക്കുന്നുണ്ടെങ്കിലും വസ്തുനികുതിയിൻമേൽ സേവനഉപനികുതി നിശ്ചയിച്ച് ചുമത്തിയിട്ടില്ല. 2023-24 പ്രാബല്യത്തിൽ നടപ്പിലാക്കുന്ന വസ്തുനികുതി പരിഷ്കരണത്തിലും സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന് ചുമത്താവുന്ന സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ലഭിക്കുന്ന സേവനം | നിരക്ക് (കെട്ടിടത്തിന്റെ വസ്തുനികുതിയുടെ ശതമാനം) |
|---|---|---|
| 1 | ശുചിത്വപരിപാലനം | 4 |
| 2 | ജലവിതരണം | 3 |
| 3 | തെരുവ് വിളക്കുകൾ | 2 |
| 4 | ഡ്രെയിനേജ് | 1 |

മേൽസൂചിപ്പിച്ച സേവനങ്ങൾക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് തുക ചെലവഴിക്കുന്നുണ്ടെങ്കിലും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി സേവനഉപനികുതി ചുമത്താനുള്ള സാധ്യത പ്രയോജനപ്പെടുത്തുവാൻ സാധിക്കാതിരുന്നത് കാരണം ഈയിനത്തിൽ ഗ്രാമപഞ്ചായത്തിന് അധികബാധ്യതയുണ്ടാകുന്നതിനിടയാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകളിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും ആനുപാതികമായി റവന്യൂ വരവിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെയടിസ്ഥാനത്തിൽ സേവനനികുതി ഏർപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്ന് കാര്യമായ ഇടപെടലുകൾ നടന്നിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് സേവനഉപനികുതി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

അനധികൃതനിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്നതിലെ വീഴ്ച.

2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നതിന് കെട്ടിട ഉടമകളോട് ആവശ്യപ്പെട്ടത് പ്രകാരം 9ബി ഫാറത്തിൽ വിവരങ്ങൾ നൽകിയവരുടെ എണ്ണം 203 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുണ്ട്. അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള പഞ്ചായത്ത് രാജ് നിയമം 235എഎ പ്രകാരം യു എ നമ്പർ നൽകി വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കാനാകൂ. പരിശോധന ചുമതലയിലുള്ള ജീവനക്കാർ അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലുണ്ടാകുന്ന വീഴ്ച മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാകുന്നതിനിടയാക്കുന്നുണ്ട്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

തൊഴിൽനികുതിഃ

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ എർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡാറ്റാബേസിന്റെ അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. താ അലിമുൽ ഇസ്ലാം ട്രസ്റ്റ് എന്ന സ്ഥാപനത്തിൽ നിന്നും 2022-23 വർഷം ₹157570 (രസീതി നം.1220102867/14.10.22. 85920/-,രസീതി നം.1220107647/31.3.22. 71650/-) തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും മുൻ വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ധാരാളം ജീവനക്കാരുള്ള ഇത്തരം സ്ഥാപനങ്ങളിൽ നിന്നു പോലും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതുമൂലം പഞ്ചായത്തിന് മുൻ വർഷങ്ങളിൽ വലിയ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും തൊഴിൽ നികുതി ഡാറ്റാ ബേസിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മാത്രമല്ല സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ രേഖപ്പെടുത്തിയ അർദ്ധ വാർഷിക വരുമാനവും തൊഴിൽ നികുതിയും ശരിയായ രീതിയിൽ പരിശോധനയ്ക്ക് വിധേയമാക്കാത്തത് കാരണം നികുതിയീടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

എഫ് ടി ഇ & ഒ എസ് ലൈസൻസ്

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയുടെ സേവനം പ്രയോജനപ്പെടുത്തിയും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് പരിശോധനയിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും ആയതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അംഗീകാരം വാങ്ങേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. FTE&OS ലൈസൻസ് ഫീസ് ഭൂരിഭാഗവും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലല്ല ഈടാക്കുന്നത്. മാത്രമല്ല മൂലധന നിക്ഷേപം രേഖപ്പെടുത്തിയവയിൽത്തന്നെ ആധികാരികത ഉറപ്പു വരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 അനുസരിച്ചുള്ള FTE & OS ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണസ്ഥാപനത്തിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

മറ്റ് വരവിനങ്ങൾ:

ഗ്രാമപഞ്ചായത്തിലെ മറ്റ് പ്രധാനനികുതിയേതര വരുമാനം ചേരിക്കള്ളി മഞ്ച ലേലം, നവീകരിച്ച മത്സ്യമാർക്കറ്റ് ലേലം എന്നിവയിലൂടെയാണ്. എന്നാൽ ലേലത്തുക പൂർണ്ണമായും ലേലം കൊണ്ട ആളുടെ പക്കൽ നിന്നും പഞ്ചായത്തിന് ഈടാക്കാനാവാത്തത് വീഴ്ചയായി കാണുന്നു. ലേലം ഇനത്തിലെ വരുമാനം കുറഞ്ഞു വരുന്നതായും കാണുന്നു. ഈയിനത്തിലുള്ള വരുമാന വർദ്ധനവിനുതകുന്ന നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ഇടപെടലുകൾ അനിവാര്യമാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ:

1.കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി പരിശോധിച്ച് ഉറപ്പ് വരുത്താവുന്നതാണ്.

3.ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. നികുതി നിർണ്ണയ പരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. വസ്തുനികുതി കൃത്യമായി നിർണ്ണയിക്കുന്നതിന് ജി.ഐ.എസ്. അധിഷ്ഠിത വിവര സങ്കേതങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

5.വാണിജ്യ പ്രാധാന്യമുള്ള പ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലം ഒഴിഞ്ഞു കിടക്കുന്നുണ്ടെങ്കിൽ പാട്ടത്തിന് നല്കി വരുമാനം വർധിപ്പിക്കാവുന്നതാണ്.

6. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

7.ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

8. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

9. സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിക്കുന്നതിനും തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാനവർദ്ധനവിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(കൈ).നം.84/22/തസ്വഭവ തീയതി 19/04/2022 ഉത്തരവ് ഖണ്ഡിക 5.1-ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. ഇതോടൊപ്പം തന്നെ തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-20 നോൺ ബാങ്കിംഗ് ട്രഷറി ഇടപാടുകൾക്ക് വേണ്ടി ആരംഭിച്ച നിർവഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ട് നിർത്തൽ ചെയ്യേണ്ടതാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ധനവിനിയോഗം സംബന്ധിച്ച 12-04-2006 തീയതിയിലെ ജി.ഒ(പി) 177/2006 ഫിൻ നമ്പർ ഉത്തരവ് ഖണ്ഡിക 8.3 പ്രകാരം നോൺ ബാങ്കിംഗ് ട്രഷറിയിലെ ഇടപാടുകൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടുകൾ വഴി ഇടപാടുകൾ നടത്തുന്നതിന് അനുമതി നൽകിയിരുന്നു. മാടായി ഗ്രാമപഞ്ചായത്തിന്റെ ഇടപാടുകൾ നടത്തുന്ന സബ് ട്രഷറി പഴയങ്ങാടി നോൺ ബാങ്കിംഗ് ട്രഷറിയായതിനാൽ സെക്രട്ടറിയുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥർ ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും പ്രസ്തുത അക്കൗണ്ട് വഴി പദ്ധതി പണം ചെലവഴിച്ചിട്ടുമുണ്ട്. പഴയങ്ങാടി സബ് ട്രഷറി പിന്നീട് ബാങ്കിംഗ് ട്രഷറിയാക്കി മാറ്റിയിട്ടുണ്ട്. ബാങ്കിംഗ് ട്രഷറിയിലെ ഇടപാടുകൾക്ക് ബാങ്ക് അക്കൗണ്ട്

ആവശ്യമില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിലെ എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പ്രസ്തുത അക്കൗണ്ട് നിർത്തൽ ചെയ്യേണ്ടതായിരുന്നു. സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർ, ഐ സി ഡി എസ് സൂപ്പർവൈസർ എന്നീ നിർവഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടുകൾ നിലവിലും ക്ലോസ് ചെയ്തിട്ടില്ല. ഇത്തരത്തിൽ അക്കൗണ്ട് ക്ലോസ് ചെയ്യാത്ത നിർവഹണഉദ്യോഗസ്ഥരുടെ അക്കൗണ്ടുകൾ നിർത്തൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 മാടായിപ്പാറയിൽ ഷീ ടോയ് ലെറ്റ് നിർമ്മാണം-985381/-രൂപ ചെലവഴിച്ച പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.

2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ ഷീ ടോയ് ലെറ്റ് നിർമ്മാണം എന്ന പ്രോജക്ടിന് വേണ്ടി 985381/-രൂപ ചെലവഴിക്കുകയുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നം,പേര് | അടങ്കൽ | ചെലവ് | ബിൽ നം& തീയതി |
|---|---|---|---|
| മാടായിപ്പാറയിൽ ഷീ ടോയ് ലെറ്റ് നിർമ്മാണം - SO 56/23 | വികസന ഫണ്ട്, പൊതുവിഭാഗം-സാധാരണവിഹിതം-1176060<br>തനത് ഫണ്ട് – 13940 ആകെ അടങ്കൽ – 1190000 | 985381 (വികസന ഫണ്ട്, പൊതു വിഭാഗം-സാധാരണ വിഹിതം) | 1)25/22-23തീയതി 19-01-2023<br>656068/-രൂപ (മുഹമ്മദ് റാഫി.കെ.പി, കെട്ടിടനിർമ്മാണം-കരാറുകാരൻ)<br>2)46/22-23 തീയതി 29-03-2023<br>219493/-രൂപ (മുഹമ്മദ് റാഫി.കെ.പി, കെട്ടിട നിർമ്മാണം-കരാറുകാരൻ)<br>3)39/22-23 തീയതി 24-03-2023<br>109820രൂപ (സിജു.സി.കെ, ഇലക്ട്രിഫിക്കേഷൻ-കരാറുകാരൻ) |

നിർമ്മാണപ്രവൃത്തികൾ തൻവർഷം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായും ഷീ ടോയ്ലെറ്റ് പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടില്ല. മാടായിപ്പാറയിലുള്ള വയോജനവിശ്രമകേന്ദ്രം കുടിവെള്ള സൗകര്യം ഒരുക്കൽ പ്രവൃത്തിയിൽ ഉൾപ്പെടുത്തി മാടായിപ്പാറയിൽ ഉള്ള ബോർവെല്ലിൽ നിന്നും ടോയ്ലെറ്റിലേക്ക് വെള്ളം ലഭ്യമാക്കുവാനാണ് ഭരണസമിതി അറിയിച്ചതെന്നും എന്നാൽ നാളിതുവരെയായും പ്രസ്തുത ബോർവെൽ ഉപയോഗപ്രദമാണെന്ന് പരിശോധിക്കാത്തതിനാൽ വയോജനവിശ്രമ കേന്ദ്രത്തിലേക്ക് കുടിവെള്ള സൗകര്യമൊരുക്കൽ പ്രവൃത്തി നടപ്പിലാക്കിയിട്ടില്ലെന്നും അതു കൊണ്ടുതന്നെ വാട്ടർ കണക്ഷൻ ഇല്ലാത്തതിനാൽ ടോയ് ലെറ്റ് പൊതുജനങ്ങൾക്ക് തുറന്ന് നൽകിയിട്ടില്ലെന്നും അസിസ്റ്റന്റ് എൻജിനീയർ ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട് (കത്ത് നമ്പർ-AE/LID&EW/MDY/56/2023-24 തീയതി 02-05-2023). വാട്ടർ കണക്ഷൻ ലഭിക്കാത്തതിനാൽ 985381/-രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുവാൻ സാധിക്കാതെ വന്നിരിക്കുകയാണ്. കെട്ടിടത്തിലേക്ക് വാട്ടർ കണക്ഷൻ ലഭ്യമാക്കി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ)

ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്നപോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസനഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നുകണ്ടാൽ അതിനിടക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതാത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാഫോറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം). ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള പ്രൈമറി ഹെൽത്ത് സെന്റർ-മുട്ടം,ഫിഷറീസ് പി എച്ച് സി -പുതിയങ്ങാടി എന്നീ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വാർഷിക വരവ് ചെലവ് കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് നാളിതുവരെയായി ഹാജരാക്കിയിട്ടില്ല.ഗവ. ആയുർവേദ ഡിസ്പെൻസറി മാടായി, ഗവ. ഹോമിയോ ഡിസ്പെൻസറി മാടായി എന്നീ സ്ഥാപനങ്ങളുടെ HMC യുടെ യഥാക്രമം 2019-20 മുതലുള്ളതും 2021-22 മുതലുള്ളതുമായ വാർഷിക വരവ് ചെലവ് കണക്കുകൾ എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18-1-2006 ലെ 42774/എം. 3/05/ആ. ക. വ നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനക്ക് സമർപ്പിക്കേണ്ടതാണ്. ആയതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 ഗവ. ഹോമിയോ ഡിസ്പെൻസറിയിലും ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിലും മരുന്ന് ലഭ്യമായിട്ടില്ല -₹200000 തടസ്സപ്പെടുത്തുന്നു.

മാടായി ഗ്രാമപഞ്ചായത്ത് ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്കും ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (ഹോമിയോ) മാടായിയിലേക്കും ആവശ്യമായ ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനായി തയ്യാറാക്കിയതാണ് താഴെ പരാമർശിച്ച പ്രോജക്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രൊജക്ടിന്റെ പേര് | ഗവ.ഹോമിയോ ഡിസ്പെൻസറി മാടായി, ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ മാടായി- മരുന്ന് വാങ്ങൽ |
| പ്രോജക്ട് നമ്പർ | S0032/23 |
| അടങ്കൽ | ₹200000 (മെയിൻറനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ്<br><br>ബിൽ നം./ തീയതി | ₹200000<br><br>142/24.11.22 (ACR) |

കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡുമായി (Homco Ltd) തുക കൈമാറിയ തീയതി മുതൽ 9 മാസത്തിനുള്ളിൽ മരുന്ന് സപ്ലൈ ചെയ്യുന്നതിനുള്ള കരാറുടമ്പടി നിലവിലുണ്ട്. ആയതു പ്രകാരം 23-08-2023 തീയതിക്കുള്ളിലെങ്കിലും മരുന്നുകൾ ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ മേൽ സൂചിപ്പിച്ച ബിൽ പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് 200000/- രൂപ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും (ടാക്സ് ഇൻ വോയ്സ് നം. PF -827, 17.11.22,PF-826,17.11.22 ) മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്കിലെടുത്ത വിവരം രേഖകൾ സഹിതം ഹാജരാക്കാനും മരുന്നുകൾ ലഭിക്കാത്തത് ആശുപത്രിയുടെ ദൈനം ദിന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോയെന്ന് അറിയുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 8/18.08.23) ആവശ്യപ്പെട്ട മരുന്നുകൾ ഹോംകോയിൽ നിന്നും ഈ മാസം അവസാനം ലഭ്യമാക്കാമെന്ന് ഹോംകോ അറിയിച്ചുവെന്നുള്ള മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാകാത്തത്

ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടെന്നും അറിയിച്ചു.കാലാവധി സംബന്ധിച്ച് കരാർ വ്യവസ്ഥയിലെ പിഴവാണ് ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിച്ചതെന്ന് വിലയിരുത്തുന്നു. ചെലവ് രേഖകൾ, മരുന്ന് സ്റ്റോക്കിലെടുത്ത രജിസ്റ്റർ തുടങ്ങിയവ ലഭ്യമാക്കാത്തതിനാൽ ₹200000 തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് മുഴുവൻ പർച്ചേസ് ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും ലഭ്യമാക്കി ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 എ.ബി.സി. പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.ചെലവ് തുക 150000 രൂപ തടസപ്പെടുത്തുന്നു.

എ.ബി.സി പ്രോജക്ടിനു വേണ്ടിയുള്ള ഗ്രാമപഞ്ചായത്ത് വിഹിതം 2023 ഫെബ്രുവരിയിൽ നിർവഹണ സ്ഥാപനമായ ജില്ലാ പഞ്ചായത്തിന് നൽകിയിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 220/23 |
| പ്രോജക്ടിന്റെ പേര് | എ.ബി.സി. പ്രോഗ്രാം ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ |
| അടങ്കൽ | 150000 (വികസന ഫണ്ട് -പൊതു വിഭാഗം) |
| ചെലവഴിച്ച തുക | 150000 |
| ബിൽ നമ്പർ, തീയ്യതി | 279/25-02-2023 |

മേൽ സൂചിപ്പിച്ചതു പ്രകാരമുള്ള തുക കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. സ.ഉ(സാധാ)നം.2065/2022/LSGD/23-08-2022 നമ്പർ ഉത്തരവിലെ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ചും വിനിയോഗസാക്ഷ്യപത്രം ഉൾപ്പെടെയുള്ള രേഖകളും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ-22/22-08-23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 150000 രൂപ തടസപ്പെടുത്തുന്നു. പദ്ധതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 ലൈഫ് മിഷൻ ഭവനപദ്ധതി-വായ്പ നിലവിലില്ലാതിരുന്നിട്ടും സ്രോതസ്സിൽ നിന്നും തുക കുറവ് ചെയ്യുന്നു.വികസനഫണ്ടിനത്തിൽ ലഭിക്കേണ്ട തുകയിൽ നിന്നും കുറവ് ചെയ്തത് 557989/-രൂപ

മാടായി പഞ്ചായത്തിന് വായ്പകളൊന്നും നിലവിലില്ല. എന്നാൽ താഴെ ചേർക്കുന്ന ജി.ഒ. പ്രോജക്ടുകൾ പ്രകാരം വികസനഫണ്ടിന്റെ ഉൽഭവത്തിൽ നിന്നും ലൈഫ് വായ്പയിനത്തിൽ തുകകൾ കുറവ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതിയുടെ നമ്പർ, പേര്, അടങ്കൽ, ഫണ്ട് | ചെലവ് തുക |
|---|---|---|
| 1 | 248, ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി), 41849 വികസനഫണ്ട് (എസ്.സി.പി) | 41849 |
| 2 | 249 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി), 516140 വികസനഫണ്ട് (എസ്.സി.പി) | 516140 |

ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഇപ്രകാരം കുറവ് ചെയ്ത തുക തിരിച്ച് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-26 കുടിവെള്ളക്കരം ഒടുക്കൽ അപാകങ്ങൾ- 1000000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

മാടായി ഗ്രാമപഞ്ചായത്തിൽ കുടിവെള്ള കരം ഒടുക്കുന്നതിനായി 2022-23 വർഷം താഴെ പട്ടികയിൽ വിവരിച്ച പ്രകാരം പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 30/23 |
| പ്രോജക്ടിന്റെ പേര് | കുടിവെള്ളക്കരം ഒടുക്കൽ |
| അടങ്കൽ | 1000000 ധനകാര്യ കമ്മീഷൻ അവാർഡ് ടൈഡ് ഗ്രാന്റ് |
| ചെലവഴിച്ച തുക | 1000000 |

19-04-2022ലെ സ.ഉ(കൈ) 84/2022/ത.സ്വ.ഭ.വ പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6.7.(b) അനുസരിച്ച് കുടിവെള്ള പ്രോജക്ടുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട് ഉപയോഗിക്കാമെങ്കിലും വെള്ളക്കരം ഒടുക്കുന്നതിന് പ്രസ്തുത ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയതായി കാണുന്നില്ല. വെള്ളക്കരം ഒടുക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയുടെ ഭാഗമാണ്. മേൽ മാർഗ്ഗരേഖ ഖണ്ഡിക 5(1)(11)-ൽ ഇത് സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയ്യതി(എ സി ആർ പ്രകാരം) | തുക |
|---|---|---|
| 1 | 26/30-06-22 | 234414 |
| 2 | 43/15-07-2022 | 78138 |
| 3 | 61/25-08-22 | 78138 |
| 4 | 90/19-09-2022 | 78138 |
| 5 | 113/26-10-22 | 78138 |
| 6 | 134/14-11-22 | 78138 |
| 7 | 164/8-12-22 | 78138 |
| 8 | 242/9-02-23 | 78138 |
| 9 | 314/14-03-23 | 196547 |
| 10 | 397/29-03-23 | 22073 |
| | ആകെ | 1000000 |

162 വാട്ടർ ടാപ്പുകൾക്കാണ് ഗ്രാമപഞ്ചായത്ത് വെള്ളക്കരം ഒടുക്കി വരുന്നത്. സർക്കാർ അനുമതിയില്ലാതെ വെള്ളക്കരം ഒടുക്കുന്നതിന് ടൈഡ് ഫണ്ട് ഉപയോഗിച്ച നടപടി ക്രമപ്രകാരമല്ല. ആയതിനാൽ 1000000/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. തനത് ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഫണ്ട് എന്നിവ അപര്യാപ്തമായതിനാലാണ് ടൈഡ് ഫണ്ട് ഉപയോഗിച്ചതെന്ന മറുപടി തൃപ്തികരമല്ല (ഓഡിറ്റ് എൻക്വയറി നമ്പർ-16/22-08-2023). ടൈഡ് ഫണ്ടിൽ നിന്നും വെള്ളക്കരം ഒടുക്കുവാൻ തുക ചെലവഴിച്ചതിന് സർക്കാരിൽ നിന്നും ലഭിച്ച അനുമതി രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.
പ്രവർത്തന ക്ഷമമായ ടാപ്പുകൾ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമല്ലാത്ത കുടിവെള്ള ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നത് ഒഴിവാക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 കോക്ലിയർ ഇംപ്ലാന്റിന് തുക നൽകിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - 50000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കോക്ലിയർ ഇംപ്ലാന്റുകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടി നടപ്പിലാക്കിയ താഴെ കൊടുത്ത പ്രോജക്ട് പ്രകാരമുള്ള തുക കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 50000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 153/23 |
| പ്രോജക്ടിന്റെ പേര് | കോക്ലിയർ ഇംപ്ലാന്റുകൾ വാങ്ങുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക ഒടുക്കൽ |
| അടങ്കൽ | 50000 (വികസന ഫണ്ട് -പൊതു വിഭാഗം) |
| ചെലവഴിച്ച തുക | 50000 |
| ബിൽ നമ്പർ, തീയ്യതി | 133/14-11-22(എ സി ആർ പ്രകാരം) |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-17/22-08-2023) സോഷ്യൽ സെക്യൂരിറ്റി മിഷന് കത്ത് നൽകിയിട്ടും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്നാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയത്. വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 നിക്ഷേപ പ്രവൃത്തികളുടെ നിർവഹണത്തിലെ അപാകങ്ങളും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതും-659975/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2022-23 വർഷം മാടായി ഗ്രാമപഞ്ചായത്തിൽ താഴെപ്പറയുന്ന നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ നിക്ഷേപ പ്രവൃത്തികളുമായി ബന്ധപ്പെട്ട് വിനിയോഗ സാക്ഷ്യപത്രം/പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) സെക്രട്ടറി

| ക്രമ നം. | പ്രോജക്ട് നമ്പർ,പേര്, അടങ്കൽ | നിക്ഷേപിച്ച തുക | വൗച്ചർ നമ്പർ, തീയ്യതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 238/23 വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ, അടങ്കൽ-1000000 (ധനകാര്യ കമ്മീഷൻ അവാർഡ്-996800,തനത് ഫണ്ട്-3200) | 572419 ധനകാര്യ കമ്മീഷൻ അവാർഡ് | 388/28-3-23 /572419 | കെ. എസ്.ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ, പഴയങ്ങാടി |
| | | 572419 | | |

2)അസിസ്റ്റന്റ് സെക്രട്ടറി

| ക്രമ നം. | പ്രോജക്ട് നമ്പർ,പേര്, അടങ്കൽ | ചെലവഴിച്ച തുക | വൗച്ചർ നമ്പർ, തീയ്യതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | S00173/23 വെള്ളച്ചാൽ എസ്.സി.കോളനിയിലേക്ക് | 87556 | 230/1-02-23 | കെ.എസ്.ഇ.ബി. മാടായി സെക്ഷൻ |

| | | | | |
|---|---|---|---|---|
| | സ്ലീറ്റ് ലൈൻ വലിക്കൽ, 87556 വികസന ഫണ്ട് എസ്.സി.പി. | | | |
| | ആകെ | 87556 | | |

നിക്ഷേപ പ്രവൃത്തികളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അപാകങ്ങൾ താഴെ ചേർക്കുന്നു.

1)1996ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6-ൽ നിർദ്ദേശിച്ച പ്രകാരം ബന്ധപ്പെട്ട ഏജൻസികളുമായി കരാർ ഏർപ്പെട്ടിട്ടില്ല.

2)കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭിച്ചിട്ടില്ല.

3)പ്രവൃത്തി പൂർത്തീകരണം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ ഇല്ല.

4)അഡ്വാൻസ് രജിസ്റ്ററിൽ നൽകിയ തുക സംബന്ധിച്ച് രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

5) പൂർത്തീകരിക്കാത്ത പദ്ധതികളുടെ വിവരം ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.
6) നിക്ഷേപ പ്രവൃത്തികൾക്കുള്ള തുകകൾ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ഡെപ്പോസിറ്റ് ചെയ്യേണ്ടതും അതത് വർഷം തന്നെ പൂർത്തിയാക്കാൻ നിർദ്ദേശിക്കേണ്ടതുമാണെന്ന 10-07-22ലെ നമ്പർ.ഡി.എ.1/179/22/ ത.സ്വ.ഭ.വ. സർക്കുലറിലെ വ്യവസ്ഥ പാലിക്കുന്നതിൽ വീഴ്ചയുണ്ടായി .
മുൻ വർഷങ്ങളിൽ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത് പൂർത്തീകരിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 659975/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-29 ബഡ്സ് സ്കൂൾ കരാർ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചത് - രേഖകൾ ലഭ്യമല്ല. ചെലവ് തുക 110851 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

മാടായി ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന 9 ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. (വൗച്ചർ നമ്പർ-22201249/31-03-2023/110851രൂപ) ബഡ്സ് സ്കൂൾ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ നൽകുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ചുള്ള രേഖകൾ, ബഡ്സ് സ്കൂൾ ജീവനക്കാരുടെ വെക്കേഷൻ കാലയളവ് സംബന്ധിച്ചുള്ള വിശദാംശങ്ങൾ, ജീവനക്കാരുടെ കരാർ പുതുക്കിയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-40/24-08-2023) ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ 110851/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അനുമതി ഉത്തരവ് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 മഴക്കാല പൂർവ ശുചീകരണം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ചെലവ് തുക- 200000 രൂപ തടസപ്പെടുത്തുന്നു.

മാടായി ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ മഴക്കാല പൂർവ ശുചീകരണ പ്രവൃത്തികൾക്കായി ഓരോ വാർഡിനും പതിനായിരം രൂപ വീതം ആകെ 200000 രൂപ മെഡിക്കൽ ഓഫീസർക്ക്, (പ്രാഥമിക ആരോഗ്യ കേന്ദ്രം ,മുട്ടം) വൗച്ചർ നമ്പർ - 22200241/1-07-2022) കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, ചെലവ് വൗച്ചറുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുകയായ 200000 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 ഐ.കെ.എം വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.150725 രൂപ തടസപ്പെടുത്തുന്നു

2022-23 വർഷം മാടായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ " ഐ.കെ.എം വിഹിതം നൽകൽ " എന്ന പ്രോജക്ടിന്റെ (പ്രോജക്ട് നമ്പർ- 119/23, അടങ്കൽ-150725 വികസന ഫണ്ട്, പൊതു വിഭാഗം) നിർവഹണത്തിന്റെ ഭാഗമായി 150725 രൂപ താഴെ ചേർക്കും പ്രകാരം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

| ബിൽ നമ്പർ, തീയ്യതി | തുക |
|---|---|
| 81/12-09-22 | 109573 |
| 328/16-3-23 | 41152 |
| ആകെ | 150725 |

എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഇതേ വരെ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (ഓഡിറ്റ് എൻക്വയറി നമ്പർ- 19/22-08-23) മറുപടിയിൽ അപേക്ഷ നൽകിയിട്ടും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല എന്നാണ് പഞ്ചായത്ത് വ്യക്തമാക്കിയത്. ചെലവ് തുക 150725/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 സ്മാർട്ട് ഐ പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. 177000 രൂപ തടസ്സപ്പെടുത്തുന്നു.

പൊതു ഇടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിക്കപ്പെട്ടിട്ടുള്ള പദ്ധതിയാണ് സ്മാർട്ട് ഐ. പ്രസ്തുത പദ്ധതിയുടെ ഭാഗമായി മാടായി ഗ്രാമപഞ്ചായത്തിൽ താഴെ ചേർക്കും പ്രകാരമുള്ള പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 239/23 |
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് ഐ ഫേസ് I പൊതു ഇടങ്ങളിൽ സിസി ടിവി സ്ഥാപിക്കൽ |
| അടങ്കൽ | 177000 വികസന ഫണ്ട് പൊതു വിഭാഗം |
| ചെലവഴിച്ച തുക | 177000 |
| ബിൽ നമ്പർ, തീയ്യതി | 280/25-02-2023 |

മേൽ സൂചിപ്പിച്ചതു പ്രകാരമുള്ള തുക കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കുന്നതിനും വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-21/22-8-23) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ 177000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

മാടായി ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി ഭരണസമിതി അംഗീകരിച്ച 24 ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്തുവരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രൊജക്ട് നമ്പർ / പേര് | 74/23 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹600000 (വികസനഫണ്ട് – 300000, ഗുണഭോക്തൃവിഹിതം നേരിട്ട് ഒടുക്കുന്നത് – 300000) |
| ചെലവ് | ₹600000 |

| | |
|---|---|
| ബിൽ നം./തീയ്യതി/ തുക (ACR പ്രകാരം) | 252/14.2.23-₹300000 |

24 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണത്തിനായി 300000 രൂപ (24x12500) എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് (ട്രഷറി അക്കൌണ്ട് നമ്പർ 719011400000003) മുൻകൂർ നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതം ലഭിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് വിഹിതത്തിനൊപ്പം (25%), സംസ്ഥാന സർക്കാർ വിഹിതത്തിന് ആനുപാതികമായ തുകയും (25%) ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നാണ് പ്രോജക്ടിൽ വകയിരുത്തിയിട്ടുള്ളത്. പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർ തുക കൈപ്പറ്റിയതിന്റെ രശീത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കന്നുകുട്ടി ജനന രജിസ്റ്റർ പ്രകാരം തെരഞ്ഞെടുത്ത 24 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണത്തിനായി വെങ്ങര ക്ഷീര സഹകരണ സംഘത്തെയാണ് പഞ്ചായത്ത് ഭരണസമിതി തെരഞ്ഞെടുത്തത്. എന്നാൽ വെങ്ങര ക്ഷീര സഹകരണ സംഘത്തിന്റെ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 23 ഗുണഭോക്താക്കൾക്ക് മാത്രമാണ് നിലവിൽ (4/23,5/23,6/23,7/23 മാസം) കാലിത്തീറ്റ വിതരണം ആരംഭിച്ചിട്ടുള്ളത്. മോഹനൻ ടി.വി എന്ന ഗുണഭോക്താവ് നാളിതുവരെ കാലിത്തീറ്റ കൈപ്പറ്റിയതായി കാണുന്നില്ല. ടിയാന്റെ കാലിത്തീറ്റ വിതരണ രജിസ്റ്ററിലെ പേജിൽ Cancelled എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (9/19.8.23) ടിയാൻ കന്നുകുട്ടിയെ വിറ്റതിനാലാണ് കാലിത്തീറ്റ വാങ്ങാത്തത് എന്നാണ് മറുപടി നൽകിയത്. പദ്ധതിയിൽ നിന്നും ഒരു ഗുണഭോക്താവ് ഒഴിവാക്കപ്പെട്ടതിനാൽ ഒരു കന്നുകുട്ടിക്കുള്ള കാലിത്തീറ്റയുടെ വിലയായ 12500 രൂപ വികസനഫണ്ടിൽ നിന്നും അധിക ചെലവ് വന്നിരിക്കുകയാണ്. പ്രസ്തുത തുക വികസനഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്. കൂടാതെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-34 അങ്കണവാടി പോഷകാഹാരം-ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ ₹ 704 അധികം നൽകി-ചെലവ് തടസ്സപ്പെടുത്തുന്നു.

അങ്കണവാടി പോഷകാഹാരം എന്ന പ്രോജക്ടിൽ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ ഭക്ഷ്യധാന്യങ്ങൾ എത്തിച്ചു നൽകുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ് അനുവദിച്ചപ്പോൾ കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ / പേര് | 2/23 അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | ₹35,00,000 (വികസന ഫണ്ട്-പൊതു വിഭാഗം)<br>₹10,00,000 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ആകെ-₹45,00,000 |
| ചെലവ് | ₹35,00,000 (വികസന ഫണ്ട്-പൊതു വിഭാഗം)<br>₹83771 (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>ആകെ-₹35,83,771 |

അങ്കണവാടി ന്യൂട്രിമിക്സിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ കരാറുകാരനായ ശ്രീ.മുഹമ്മദ് ഇഖ്ബാൽ സി.എ എന്നവർക്ക് ₹34960 (ബിൽ നം.227/31.1.23-₹689083, വികസന ഫണ്ട് - പൊതുവിഭാഗം) നൽകിയിട്ടുണ്ട്. ട്രാൻസ്പോർട്ടേഷൻ ചാർജ് കണക്കാക്കിയ 5.11.22,9.1.23 എന്നീ തീയതികളിലെ സബ് വൗച്ചറുകൾ പ്രകാരം ₹34256

യാണ് ട്രാൻസ്പോർട്ടേഷൻ ചാർജ് ഇനത്തിൽ നൽകേണ്ടിയിരുന്നത്. പ്രസ്തുത ബില്ലിൽ ട്രാൻസ്പോർട്ടേഷൻ ചാർജ് ഇനത്തിൽ കരാറുകാരന് ₹704 അധികം നൽകിയിട്ടുണ്ട്. ആയതിനാൽ ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിലെ 704/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(42/24.8.23) പ്രസ്തുത തുക 2023-24 വർഷത്തെ ബില്ലിൽ ക്രമീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അധികം അനുവദിച്ച ₹704 ഈടാക്കുകയോ ബില്ലിൽ ക്രമീകരിച്ചോ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 മെൻസ്ട്രുവൽ കപ്പ് വിതരണം-287 എണ്ണം വിതരണം ചെയ്യാതെ അവശേഷിക്കുന്നു- ₹86100 തടസ്സപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്തിലെ സ്ത്രീകൾക്ക് ഒന്നു വീതം മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടിന്റെ ഭാഗമായി HLL Life Care Ltd എന്ന സ്ഥാപനത്തിൽ നിന്നും 666 മെൻസ്ട്രുവൽ കപ്പുകൾ (366-medium,100-small,200-large) വാങ്ങിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പ്രൈമറി ഹെൽത്ത് സെന്റർ,മുട്ടം |
| പ്രൊജക്ട് നമ്പർ / പേര് | 182/23 മെൻസ്ട്രുവൽ കപ്പ് വിതരണം |
| അടങ്കൽ | ₹2,00,000 (വികസനഫണ്ട് – പൊതുവിഭാഗം) |
| ചെലവ് | ₹1,99,800 |
| ബിൽ നം./തീയ്യതി/ തുക (ACR പ്രകാരം) | 325/16.3.23 |

വിതരണ രേഖകൾ പ്രകാരം 379 മെൻസ്ട്രുവൽ കപ്പുകൾ മാത്രമാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിരിക്കുന്നത്. ബാക്കിയുള്ള 287എണ്ണം വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/23.8.23) ആശ വർക്കേഴ്സ് മുഖാന്തിരം വാർഡുകളിൽ ബോധവൽക്കരണം നടത്തിയപ്പോൾ ലഭിച്ച ആവശ്യക്കാരുടെ എണ്ണം കണക്കാക്കിയാണ് മെൻസ്ട്രുവൽ കപ്പുകൾ വാങ്ങിയതെന്നും 287 പേർ നാളിതുവരെയായി ആയത് കൈപ്പറ്റിയിട്ടില്ലെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 206 പേരെ മാത്രമാണ് മേൽ പ്രൊജക്ടിന്റെ ഗുണഭോക്താക്കളായി തിരഞ്ഞെടുത്തിട്ടുള്ളത്. ഗുണഭോക്താക്കളിൽ നിന്നുള്ള അപേക്ഷകൾ സ്വീകരിച്ച് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി മാത്രമേ ആനുകൂല്യങ്ങൾ അനുവദിക്കാൻ പാടുള്ളൂ.ലിസ്റ്റിൽ ഉൾപ്പെടാത്തതും അപേക്ഷ നൽകാത്തതുമായ ഗുണഭോക്താക്കൾക്കായി പണം ചെലവഴിച്ചത് ക്രമപ്രകാരമല്ല. വിതരണം ചെയ്യാതെ അവശേഷിക്കുന്ന 287 മെൻസ്ട്രുവൽ കപ്പുകളുടെ വിലയായ ₹86100 തടസ്സപ്പെടുത്തുന്നു.അവശേഷിക്കുന്ന മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദവിവരം ഓഡിറ്റിന് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 ലൈഫ് ഭവനപദ്ധതി- ഗുണഭോക്തൃരജിസ്റ്ററിലെ രേഖപ്പെടുത്തലുകളിലെ അപാകം

2022-23 സാമ്പത്തിക വർഷം മാടായി ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന്റെ വിവിധ ഗഡുക്കൾ വിതരണം ചെയ്തത് സംബന്ധിച്ച് 2021-22,2022-23 വർഷത്തെ ഗുണഭോക്തൃ രജിസ്റ്റർ പരിശോധിച്ചപ്പോൾ നൂർജഹാൻ എം, സുഹറ പി പി എന്നീ ഗുണഭോക്താക്കൾക്ക് 200000 രൂപ വീതം വിതരണം ചെയ്ത ഭവന നിർമ്മാണം പൂർത്തിയായി എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. മേൽ ഗുണഭോക്താക്കൾക്ക് മുൻപ് തുക കൊടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി മുൻ വർഷത്തെ ഗുണഭോക്തൃ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെടുകയും ആയതു ലഭ്യമാക്കുകയും ചെയ്തു. ആയത് പരിശോധിച്ചതിൽ പ്രകാരം 2020-21 സാമ്പത്തിക വർഷം ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളെ അവർക്ക് നിലവിൽ നൽകിയിരിക്കുന്ന ഗഡുക്കൾ എത്രയെന്ന് രേഖപ്പെടുത്താതെ 2021-22 ലെ പുതിയ ഒരു ഗുണഭോക്തൃ രജിസ്റ്ററിലേക്ക് പകർത്തി എഴുതിയതായി കണ്ടു.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | 2020-21 വർഷം നൽകിയ തുക | 2021-22 വർഷത്തെ ഗുണഭോക്തൃ രജിസ്റ്ററിലേക്ക് Carry |
|---|---|---|---|

| | | | |
|---|---|---|---|
| | | | Forward ചെയ്ത തുക |
| 1 | നൂർജഹാൻ എം | 2,00,000 (40000/19.3.21 160000/30.3.21) | തുക ചേർത്തിട്ടില്ല |
| 2 | സുഹറ പി പി | 2,00,000 (40000/29.3.21 160000/30.3.21) | തുക ചേർത്തിട്ടില്ല |
| 3 | കുഞ്ഞാമിന ചോലയ്ക്കൽ പറമ്പിൽ | 40000/19.3.21 | തുക ചേർത്തിട്ടില്ല |
| 4 | ഗീത കെ | 40,000/30.3.21 | തുക ചേർത്തിട്ടില്ല |

ഇപ്രകാരം ഒരേ ഗുണഭോക്താവിനെ രണ്ടു വർഷങ്ങളിലെ ഗുണഭോക്തൃ രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (35/24.8.23) അറിവില്ലായ്മകൊണ്ടാണ് ഇത്തരം അപാകം സംഭവിച്ചത് എന്നാണ് മറുപടി നൽകിയത്. ഒരേ ഗുണഭോക്താവിനെ രണ്ടു വർഷങ്ങളിലെ ഗുണഭോക്തൃ രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും അവർക്ക് മുൻപ് നൽകിയ തുക എത്രയെന്ന് പുതിയ രജിസ്റ്ററിൽ രേഖപ്പെടുത്താതിരിക്കുന്നതും ചെയ്യുന്നത് ഗുണഭോക്താക്കൾക്ക് അധിക തുക നൽകുന്നതിനിടയാക്കും. മുൻകൂർ തുക കൈപ്പറ്റുകയും ഭവന നിർമ്മാണം ആരംഭിക്കാതിരിക്കുകയും ചെയ്യുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ നേരത്തെ തുക നൽകിയത് വിസ്മരിക്കപ്പെടുകയും പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് നഷ്ടം വരുന്നതിനുള്ള സാഹചര്യമുണ്ടാവുകയും ചെയ്യും.അതിനാൽ ഗുണഭോക്തൃ രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതി ഗൗരവമായി പരിശോധിക്കേണ്ടതും പരിധിയിൽ കൂടുതൽ തുക നൽകിയിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതും പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-37 ലൈഫ് ഭവനനിർമ്മാണം -2020-21 സാമ്പത്തിക വർഷം അഡ്വാൻസ് കൈപ്പറ്റിയ 2 ഗുണഭോക്താക്കൾ നാളിതുവരെയായി ഭവനനിർമ്മാണം ആരംഭിച്ചില്ല.

ലൈഫ് ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട മുൻവർഷങ്ങളിലെ ഗുണഭോക്തൃ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ മുൻകൂർ തുക കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നു കണ്ടു.

| ഗുണഭോക്താവിന്റെ പേര് | 2020-21 വർഷം നൽകിയ മുൻകൂർ തുക | സ്വീകരിച്ച തുടർനടപടി |
|---|---|---|
| കുഞ്ഞാമിന ചോലയ്ക്കൽ പറമ്പിൽ | 40000/19.3.21 | 7.6.23 ന് രജിസ്റ്റേഡ് നോട്ടീസ് അയച്ചെങ്കിലും കൈപ്പറ്റിയില്ല. |
| ഗീത കെ | 40,000/30.3.21 | 2.6.23 ന് രജിസ്റ്റേഡ് നോട്ടീസ് അയച്ചെങ്കിലും കൈപ്പറ്റിയില്ല. |

അഡ്വാൻസ് കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത മേൽ ഗുണഭോക്താക്കൾക്കെതിരെ നിയമനടപടി സ്വീകരിക്കേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-38 ഭവന പുനരുദ്ധാരണം-കരാർ കാലാവധി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയായില്ല.

വീടുവാസയോഗ്യമാക്കൽ ജനറൽ,വീട് വാസയോഗ്യമാക്കൽ (SC) എന്നീ പ്രോജക്ടുകളിലായി_താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണത്തിന് ആയുള്ള അഡ്വാൻസ് തുക ₹50000 കൈപ്പറ്റുകയും ഒരു മാസത്തിനകം പണിപൂർത്തിയാക്കാം എന്ന് കരാർ ചമയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം നാളിതുവരെയായി പൂർത്തിയായിട്ടില്ല.

1.90/23 വീട് വാസയോഗ്യമാക്കൽ (SC)

| ഗുണഭോക്താവിന്റെ പേര് | അഡ്വാൻസ് കൈപ്പറ്റിയ തുക | ബിൽ നം./തിയതി(ACR പ്രകാരം) |
|---|---|---|
| മീനാക്ഷി കെ | 50000 | 46/22-23/29.3.23 |

2. 89/23 വീട്ടുവാസയോഗ്യമാക്കൽ ജനറൽ

| ഗുണഭോക്താവിന്റെ പേര് | അഡ്വാൻസ് കൈപ്പറ്റിയ തുക | ബിൽ നം./തിയതി(ACR പ്രകാരം) |
|---|---|---|
| വിനോദ് കുമാർ എ വി | 50000 | 250/22-23/10.2.23 |
| ജെയിംസ് പി | 50000 | 284/22-23/27.2.23 |

ആയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(37/24.8.23) ഭവന പുനരുദ്ധാരണം തുടർന്നുകൊണ്ടിരിക്കുകയാണെന്ന് മറുപടി നൽകിയിട്ടുണ്ട്. കരാറിൽ രേഖപ്പെടുത്തിയിരിക്കുന്ന കാലയളവായ ഒരുമാസത്തിനുള്ളിൽത്തന്നെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വിശദവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-39 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ-സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-₹54989 തടസ്സപ്പെടുത്തുന്നു.

മാടായി ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കൂൾ അധികൃതർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മേശയും കസേരയും വാങ്ങി വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ.വെൽഫെയർ യു.പി.സ്കൂൾ, വെങ്ങര |
| പ്രൊജക്ട് നമ്പർ / പേര് | 179/23 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ |
| അടങ്കൽ | ₹145200 (വികസനഫണ്ട് – എസ്.സി.പി) |
| ചെലവ് | ₹ 134973 |
| ബിൽ നം./തീയ്യതി/ തുക (ACR പ്രകാരം) | 326/16.3.23 |

മത്സരാധിഷ്ഠിത ടെണ്ടർ മുഖേന ആയിഷ ടിമ്പേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് മഹാഗണി തടിയിൽ നിർമ്മിച്ച മേശയും കസേരയും (₹4999/set)വാങ്ങി 27 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെക്കൊടുത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1.ഫർണിച്ചറിന്റെ ഗുണമേൻമ,തടിയുടെ ഇനം എന്നിവ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.താഴെക്കൊടുത്തിരിക്കുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് |
|---|---|
| 1 | വൈഭവ് പ്രദീപ് പി |
| 2 | സൗപർണ്ണിക വി |
| 3 | വൈഗ കെ |
| 4 | യോഗിത രാഹുൽ |
| 5 | അനന്തഗോപാൽ എം |
| 6 | നയൻകൃഷ്ണ എം |
| 7 | ദേവദത്ത് പി |

| | |
|---|---|
| 8 | ആരാധ്യ സുനിൽ |
| 9 | നിരഞ്ജൻ ഇടമന |
| 10 | അവനിക കെ |
| 11 | കൈലാസ് ബി നിധിൻ |

3. യോഗിത രാഹുൽ എന്ന ഗുണഭോക്താവ് മാടായി ഗ്രാമപഞ്ചായത്തിൽ വാടകയ്ക്ക് താമസിക്കുന്നു എന്നാണ് അപേക്ഷയിൽ നിന്ന് വ്യക്തമാകുന്നത്.കെട്ടിട ഉടമയുടെ സമ്മതപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല. സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടിയാരി മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല. 12-ാം വാർഡ് ഗ്രാമസഭ മേൽഗുണഭോക്താവിനെ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.
മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (26/23.8.23) മറുപടി നൽകിയിട്ടില്ല. സാക്ഷ്യപത്രം ലഭ്യമാക്കാത്ത 11 വിദ്യാർത്ഥികൾക്ക് നൽകിയ ഫർണിച്ചറിന്റെ ചെലവ് തുക ആയ ₹54989 തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-40 പട്ടിക ജാതിക്കാരായ വയോജനങ്ങൾക്ക് കട്ടിൽ വിതരണം-വിതരണം ചെയ്യുതിലെ കുറവ്.

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടിക ജാതിക്കാരായ വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടിന്റെ നിർവഹണത്തിന്റെ ഭാഗമായി 25 കട്ടിലുകൾ വാങ്ങിയിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO172/23 |
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതിക്കാരായ വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ | 180840 (78327 – വികസന ഫണ്ട്-പൊതു വിഭാഗം, 102513 – വികസന ഫണ്ട് എസ്.സി.പി.,) |
| ചെലവഴിച്ച തുക | 102513വികസന ഫണ്ട് എസ്.സി.പി |
| ബിൽ നമ്പർ, തീയ്യതി | 171/15-12-22 |

കണ്ണൂർ സിഡ്കോയിൽ നിന്നും 25 കട്ടിലുകൾ വാങ്ങിയതിന് 102513 രൂപ പ്രസ്തുത സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ 24 കട്ടിലുകൾ മാത്രമേ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളൂ. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നമ്പർ- 33/23-08-23) കട്ടിലുകൾ ജി.എം.യു.പി. സ്കൂൾ ഓപ്പൺ സ്റ്റേജിലാണ് സൂക്ഷിച്ചിരുന്നതെന്നും ,ആയതിൽ നിന്നും ഒരെണ്ണം മോഷണം പോയെന്നും, ഇത് സംബന്ധിച്ച് പോലീസ് അധികാരികൾക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാണ് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. അടച്ചുറപ്പുള്ള മുറിയിൽ കട്ടിലുകൾ സൂക്ഷിക്കാതിരുന്നത് ഗൗരവകരമായ വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. കേസിന്റെ തുടർ നടപടികൾ സംബന്ധിച്ച വിവരം അറിയിക്കേണ്ടതാണ്.

## 1-41 വാട്ടർ ടാങ്ക് വിതരണം-പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ.240000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "വാട്ടർ ടാങ്ക് വിതരണം" എന്ന പ്രോജക്ടിന്റെ നിർവഹണത്തിന്റെ ഭാഗമായി പട്ടികജാതിക്കാരായ ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്കുകൾ വിതരണം ചെയ്യുതിന് 240000 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 29/23 |
| പ്രോജക്ടിന്റെ പേര് | വാട്ടർ ടാങ്ക് വിതരണം |
| അടങ്കൽ | 240000 ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവഴിച്ച തുക | 240000 |

| | |
|---|---|
| ബിൽ നമ്പർ, തീയ്യതി | 1)289/28-02-2023/185950<br>2)377/28-03-23/54050 |

മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം 65 ഗുണഭോക്താക്കൾക്ക് 500 ലിറ്റർ വാട്ടർ ടാങ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) 28-05-2022ലെ സ.ഉ. (കൈ) നമ്പർ-115/2022/ത.സ്വ.ഭ.വ. പ്രകാരമുള്ള സബ്സിഡി മാർഗ രേഖ 6.6(5) അനുസരിച്ച് പട്ടികജാതി വിഭാഗത്തിന് ഈയിനത്തിൽ അനുവദനീയമായ സബ്സിഡി നിരക്ക് 75% ആണ്. ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടയ്ക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രോജക്റ്റിൽ ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നില്ലെങ്കിലും 930/- രൂപ വീതം ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക ഗുണഭോക്താക്കൾ പഞ്ചായത്തിൽ നേരിട്ട് ഒടുക്കുകയാണ് ചെയ്തത്. എന്നാൽ ഈ തുകയിൽ നിന്നും പ്രോജക്റ്റ് ചെലവ് നിർവഹിക്കാതെ ധനകാര്യ കമ്മീഷൻ അവാർഡ് ടൈഡ് ഫണ്ടിൽ നിന്നാണ് പൂർണ്ണമായും ചെലവ് നടത്തിയത്. ഗുണഭോക്തൃ വിഹിതത്തിന്റെ വരവ് വിവരങ്ങൾ നിർവഹണ ഉദ്യോഗസ്ഥന്റെ ക്യാഷ് ബുക്കിലും രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ഗുണ ഭോക്തൃ വിഹിതം ചെലവഴിക്കാതെ മുഴുവൻ തുകയും ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവ് നടത്തിയത് പദ്ധതി മാർഗ രേഖയുടെ ലംഘനമാണ്.

2) 19-04-2022ലെ സ.ഉ(കൈ)84/2022/ത.സ്വ.ഭ.വ പ്രകാരമുള്ള പതിന്നാലാം പഞ്ച വത്സര പദ്ധതി മാർഗ രേഖ ഖണ്ഡിക 6.7.(b) അനുസരിച്ച് കുടിവെള്ള പ്രോജക്റ്റുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട് ഉപയോഗിക്കാമെങ്കിലും വാട്ടർ ടാങ്ക് വിതരണത്തിന് പ്രസ്തുത ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടില്ല.

3) പഞ്ചായത്ത് ടെണ്ടർ ക്ഷണിച്ച് , കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (3719/- രൂപ)അനു ഏജൻസീസ്, കൂടാളി എന്ന സ്ഥാപനത്തിൽ നിന്നാണ് വാട്ടർ ടാങ്ക് വാങ്ങിയത്. പ്രസ്തുത സ്ഥാപനത്തിൽ നിന്നും ക്രമ നമ്പർ (2) പ്രകാരം നൽകിയ തുകയുടെ (54050 രൂപ) ഇൻവോയ്സ് ഫയലിൽ ലഭ്യമായി കാണുന്നില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-39/24-08-2023) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ 240000/- രൂപ തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-42 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് തുക അനുവദിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല- 20000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പ്രോജക്റ്റിൽ 495000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 171/23 |
| പ്രോജക്റ്റിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| അടങ്കൽ | 495000 വികസന ഫണ്ട് എസ്.സി.പി. |
| ചെലവഴിച്ച തുക | 495000 |
| ബിൽ നമ്പർ, തീയ്യതി | 144/24-11-2022/495000 |

മേൽ സൂചിപ്പിച്ച ബിൽ പ്രകാരം 24 ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. ജിഷ്ണു മഹേഷ് എന്ന ഗുണഭോക്താവ് ബിരുദ വിദ്യാർത്ഥിയാണ്. ടിയാന് അർഹമായ സ്കോളർഷിപ്പ് തുക 20,000 രൂപയാണ്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ 40,000 രൂപ അനുവദിച്ചു. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറികളുള്ള മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നമ്പർ- 38/24-08-2023) ടിയാന് തലേ വർഷത്തെ സ്കോളർഷിപ്പ് തുക അനുവദിച്ചിരുന്നില്ലെന്നും ആയതു കൂടി ചേർത്താണ് 40000 രൂപ അനുവദിച്ചതെന്നുമാണ് നിർവഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ചത്. എന്നാൽ പ്രസ്തുത വാദം സാധൂകരിക്കുന്ന രേഖകളോ പഞ്ചായത്ത് തീരുമാനമോ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.അധിക തുക അനുവദിച്ചതിന് തൃപ്തികരമായ വിശദീകരണങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 20000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വ്യക്തമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 17.08.23 & 18.08.23 | നം.കെ.എസ്.എ./കെ.എൻ.ആർ./സി.2/1395/2023 തീയതിഃ 03.10.2023 |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | ആകെ | പ്രൊജക്ടിന്റെ പേര്/നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | 0 | 225000 | 225000 | ലൈഫ് മിഷൻ ഭവന നിർമ്മാണം എസ് സി (84/23) | 225000 | 0 |
| | 0 | 750000 | 750000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ (93/23) | 750000 | 0 |
| | 0 | 150000 | 150000 | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ (99/23) | 150000 | 0 |
| | 0 | 92800 | 92800 | നെൽ കൃഷിക്ക് വിത്തും കൂലിച്ചെലവും (100/23) | 92800 | 0 |
| ആകെ | 0 | 1217800 | 1217800 | | 1217800 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 216666 | 216666 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ (93/23) | 216666 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | 0 | 53000 | 53000 | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ (99/23) | 53000 | 0 |
| ആകെ | 0 | 269666 | 269666 | | 269666 | 0 |

കുറിപ്പ് : ബാലൻസ് ഷീറ്റ് ബി-4ഷെഡ്യൂൾ പ്രകാരം സംയുക്ത പദ്ധതികൾക്കായി ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 7,57,923/-രൂപ,ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 1395561/-രൂപ,കണ്ണൂർ കോർപ്പറേഷനിൽ നിന്നും ലഭിച്ച 270794/-രൂപ ഉൾപ്പെടെ ആകെ 2424278/-രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച വിനിയോഗിക്കാതെയുള്ള വിഹിതം അടിയന്തിരമായി തിരിച്ചടക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്,പ്രോജക്ട് നമ്പർ. | ബിൽ/ വൗച്ചർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|---|
| 2022-23 | കെ. എസ്.ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ,മാടായി<br>കെ. എസ്.ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ, പഴയങ്ങാടി | വിവിധ വർഡുകളിൽ ഇലക്ട്രിക്കൽ ലൈൻ മാറ്റി സ്ഥാപിക്കൽ-138/23 | 1)ബിൽ നമ്പർ-154/ 30-11-22/ 25976<br>2)ബിൽ നമ്പർ-157/ 01-12-22/ 47725<br>3) ബിൽ നമ്പർ-355/ 24-03-23/ 40757<br>4)ബിൽ നമ്പർ- 334/20-2-23 /28590 | 143048 | 143048 | 0 |
| 2022-23 | കെ.എസ്.ഇ.ബി. മാടായി സെക്ഷൻ | വെള്ളച്ചാൽ എസ് സി കോളനിയിലേക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ-173/23, | 230/1-02-23 | 87556 | 0 | 87556 |
| 2022-23 | കെ. എസ്.ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ,മാടായി | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് ലൈൻ വലിക്കൽ-229/23 | 1)ബിൽ നമ്പർ- 202/9-01-23 /135904<br>1)ബിൽ നമ്പർ- 378/28-03-23 /16778 | 152682 | 152682 | 0 |
| 2022-23 | കെ. എസ്.ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ, | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് | 388/28-3-23 /572419 | 572419 | 0 | 572419 |

| | | | | | | |
|---|---|---|---|---|---|---|
| | പഴയങ്ങാടി | സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ-238/23 | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് സ്ഥിര നിക്ഷേപങ്ങളില്ല. ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഷെയർ മൂല്യം | 15,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 15,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന ഷെയർ മൂല്യം | 15,000 |

നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനം | നിക്ഷേപിച്ച തുക |
|---|---|---|
| 1 | കണ്ണൂർ കോ. ഓപ്പ് ഹോസ്പിറ്റൽ സൊസൈറ്റിയുടെ ഷെയർ 15000/- രൂപ ഉണ്ട്.<br>(സർട്ടിഫിക്കറ്റ് നമ്പർ 2 തീയതി 16.06.2015 ഷെയർ നമ്പർ 123D) | 15000 |
| | ആകെ | ₹15,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി/ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2.1 | 2013-14<br>2014-15 | 2-1(I) | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| | | | 2.1(II) | തൊഴിൽ നികുതി അടക്കുന്ന കച്ചവടക്കാരുടെ എണ്ണം കുറവ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| | | | 2.1(III) | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അടക്കാത്തത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2020-21 | അനുബന്ധം-2 | 2019-20 | 1-19 | മെഡിക്കൽ ഓഫീസർ നിർവഹണഉദ്യോഗസ്ഥനായിട്ടുള്ള പദ്ധതികളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 50208223 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 38716634 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3100344 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 200000 | ഡോ:രശ്മി.എൻ.ഇ<br>മെഡിക്കൽ ഓഫീസർ (ഹോമിയോ), ജി എച്ച് ഡി, പുതിയങ്ങാടി, മാടായി ഗ്രാമപഞ്ചായത്ത്. |
| 1-24 | 150000 | ശ്രീ റാഷിദ്.കെ.ടി, സെക്രട്ടറി, മാടായി ഗ്രാമപഞ്ചായത്ത്. |
| 1-26 | 1000000 | ശ്രീ റാഷിദ്.കെ.ടി, സെക്രട്ടറി, മാടായി ഗ്രാമപഞ്ചായത്ത്. |
| 1-27 | 50000 | ശ്രീ റാഷിദ്.കെ.ടി, സെക്രട്ടറി, മാടായി ഗ്രാമപഞ്ചായത്ത്. |
| 1-28 | 659975 | 572419/-രൂപ<br>ശ്രീ റാഷിദ്.കെ.ടി, സെക്രട്ടറി, മാടായി ഗ്രാമപഞ്ചായത്ത്.<br>87556/-രൂപ-<br>ശ്രീ ശിവദാസൻ.കെ, അസിസ്റ്റന്റ് സെക്രട്ടറി, മാടായി ഗ്രാമപഞ്ചായത്ത്. |
| 1-29 | 110851 | ശ്രീ റാഷിദ്.കെ.ടി, സെക്രട്ടറി, മാടായി ഗ്രാമപഞ്ചായത്ത്. |
| 1-30 | 200000 | ശ്രീ റാഷിദ്.കെ.ടി, സെക്രട്ടറി, മാടായി |

| | | |
|---|---|---|
| | | ഗ്രാമപഞ്ചായത്ത്. |
| 1-31 | 150725 | ശ്രീ റാഷിദ്.കെ.ടി, സെക്രട്ടറി, മാടായി ഗ്രാമപഞ്ചായത്ത്. |
| 1-32 | 177000 | ശ്രീ റാഷിദ്.കെ.ടി, സെക്രട്ടറി, മാടായി ഗ്രാമപഞ്ചായത്ത്. |
| 1-34 | 704 | ശ്രീമതി ബീന.കെ, ഐസിഡിഎസ് സൂപ്പർവൈസർ, മാടായി ഗ്രാമപഞ്ചായത്ത്. |
| 1-35 | 86100 | ഡോ:സമീർ.പി.കെ ,<br>മെഡിക്കൽ ഓഫീസർ, പിഎച്ച് സി. മുട്ടം, മാടായി ഗ്രാമപഞ്ചായത്ത്. |
| 1-39 | 54989 | ശ്രീ.മുരളീധരൻ.വി.വി,<br>ഹെഡ് മാസ്റ്റർ, വെങ്ങര വെൽഫയർ യു.പി സ്കൂൾ, മാടായി ഗ്രാമപഞ്ചായത്ത്. |
| 1-41 | 240000 | ശ്രീ ശിവദാസൻ.കെ, അസിസ്റ്റന്റ് സെക്രട്ടറി, മാടായി ഗ്രാമപഞ്ചായത്ത്. |
| 1-42 | 20000 | ശ്രീ ശിവദാസൻ.കെ, അസിസ്റ്റന്റ് സെക്രട്ടറി, മാടായി ഗ്രാമപഞ്ചായത്ത്. |
| ആകെ | 3100344 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-12,1-13,1-14,1-15,1-1-16,1-17

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ റാഷിദ്.കെ.ടി, സെക്രട്ടറി, മാടായി ഗ്രാമപഞ്ചായത്ത്. | സെക്രട്ടറി, നാറാത്ത് ഗ്രാമപഞ്ചായത്ത്. (31-08-2023 ന് വിരമിക്കുന്നു. അവധിയിൽ പ്രവേശിച്ചു) | അൽ നജ്മ,<br>പുല്ലൂപ്പി (പി.ഒ),<br>കൊറ്റാളി,<br>കണ്ണൂർ -5 |
| ശ്രീ ശിവദാസൻ.കെ, അസിസ്റ്റന്റ് സെക്രട്ടറി, മാടായി ഗ്രാമപഞ്ചായത്ത്. | അസിസ്റ്റന്റ് സെക്രട്ടറി, മാടായി ഗ്രാമപഞ്ചായത്ത്. | കൊയ്യോൻ വീട്,<br>ഏഴോം,<br>ഏഴോം (പി.ഒ)<br>കണ്ണൂർ ജില്ല. |
| ഡോ:സമീർ.പി.കെ ,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. മുട്ടം, മാടായി ഗ്രാമപഞ്ചായത്ത്. | ലഭ്യമാക്കിയിട്ടില്ല. | സ്മിത,<br>കീളൂർ (പി.ഒ),<br>മേലടി(വഴി),<br>കോഴിക്കോട് ജില്ല. |

| | | |
|---|---|---|
| ഡോ:രശ്മി.എൻ.ഇ<br>മെഡിക്കൽ ഓഫീസർ (ഹോമിയോ),ജി എച്ച് ഡി,പുതിയങ്ങാടി,മാടായി ഗ്രാമപഞ്ചായത്ത്. | മെഡിക്കൽ ഓഫീസർ (ഹോമിയോ), ജി എച്ച് ഡി, പുതിയങ്ങാടി, മാടായി ഗ്രാമപഞ്ചായത്ത്. | സങ്കീർത്തനം,<br>ചുമടുതാങ്ങി,<br>മണ്ടൂർ(പി.ഒ),<br>പിൻ-670501<br>കണ്ണൂർ ജില്ല. |
| ശ്രീ.മുരളീധരൻ.വി.വി,<br>ഹെഡ് മാസ്റ്റർ,വെങ്ങര വെൽഫയർ യു.പി സ്കൂൾ,മാടായി ഗ്രാമപഞ്ചായത്ത്. | ഹെഡ് മാസ്റ്റർ, വെങ്ങര വെൽഫയർ യു.പി സ്കൂൾ, മാടായി ഗ്രാമപഞ്ചായത്ത്. | വി വി ഹൗസ്,<br>പള്ളിത്തറ,<br>കോറോം<br>(പി.ഒ),<br>പയ്യന്നൂർ,<br>കണ്ണൂർ ജില്ല. |
| ശ്രീമതി ബീന.കെ,ഐസിഡിഎസ് സൂപ്പർവൈസർ,മാടായി ഗ്രാമപഞ്ചായത്ത്. | ഐസിഡിഎസ് സൂപ്പർവൈസർ, മാടായി ഗ്രാമപഞ്ചായത്ത്. | കൊയ്യോടൻ ഹൗസ്,<br>കാരന്തോട്<br>(പി.ഒ),<br>കുന്നരു,<br>കണ്ണൂർ ജില്ല. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 2 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 1 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 4 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 2 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 4 |
| 2013-14,14-15 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 1 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 6 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 7 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 7 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1254/2022 തീയതി 19.09.2022 | 18 |
| 2019-20 | കെ എസ് എ/കെ എൻ ആർ/ സി2-സി2/764(1)/2021 | 22 |

| | | |
|---|---|---|
| | തീയതി:20.12.21 | |
| 2020-21 | കെ എസ് എ/കെ എൻ ആർ/<br>സി2-765(1)/2021<br>തീയതി:20.12.21 | 32 |
| 2021-22 | കെ എസ് എ/കെ എൻ ആർ/<br>സി2-592/2023<br>തീയതി:30.05.2023 | 30 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 191/2023 (1) dated 10-07-2023 and submitted on 17-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Madayi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Madayi Grama Panchayat for the year 2022-2023

Date: 03/10/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Madayi Grama Panchayat for the Year 2022-2023.

**1.Major Observations**

1) Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

2) Asset Register is incomplete

3).The following mandatory financial statements prescribed in accounting rules are not submitted for audit.

a)Basic Ratios b) Notes on account revealing the Principles of accounting.

**2.Other Observations**

1) An amount of Rs.23071 of GST TDS has been remaining unremitted for many years.

2) Pass books and reconciliation statements related to the following accounts were not produced for verification in audit. SBI- Nirmal Puraskar (67117694193) and INACTIVE OLD VPFA1(5001001325)

3) Approved DCB statement of Property tax not produced for verification in audit.

4) Unutilised deposit amounts of deposit works not Shown in B18 Schedule.

5) Grant amounts received from district panchayath during 2013-14 & 2014-15 for revenue expenditure (Rs.1387500) remains Unutilised.

6) Details of SSA and Literacy accounts not made available for verification in audit.

7) Old plan account is not yet to be closed.

8) stock and sales register of Tender forms not produced for verification in audit.

9) Investment Register is not maintained.
10)Actual receipts and payments of MGNREGS Fund differ with the figures shown in AFS

11)Grama Panchayat has not taken housing loan as per schedule B-5 of Balance Sheet .But an expenditure of Rs.557989/- has been recorded in Sulekha statement as G O Project expenditure .The amount was not included in B15 Schedule as Sundry debtors (Receivable)

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annex3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Madayi Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 25469775.00 |
| Cash | Cash | RP-40(a) | 135231.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2079970.00 |
| 140000000 | Fees & User Charges | RP-4 | 926647.00 |
| 150000000 | Sale & Hire Charges | RP-5 | 498369.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 20683400.00 |
| 171000000 | Interest Earned | RP-9 | 556909.00 |
| 190000000 | Prior Period Income | RP-11 | 6200.00 |
| 210000000 | Establishment Expenses | RP-12 | 2000.00 |
| 220000000 | Administrative Expenses | RP-13 | 264.00 |
| 230000000 | Operations & Maintenance | RP-14 | 8080.00 |
| 311000000 | Earmarked Funds | RP-28 | 6023.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 17485755.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 7096677.00 |
| 460000000 | Loans, Advances and Deposits | RP-49 | 16635.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 64640.00 |
| 350000000 | Other Liabilities | RP-35 | 776654.00 |
| | Grand total | | 75813229.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 148000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 97277.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 4579910.00 |
| 460000000 | Loans, Advances and Deposits | RP-49 | 1235338.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 75450.00 |
| 350000000 | Other Liabilities | RP-35 | 32580659.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 37081596.00 |
| Cash | Cash | RP-40(b) | 14999.00 |
| | Grand Total | | 75813229.00 |

## Annex3-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | Madayi Grama Panchayat INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2022 to 31-March-2023 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6505889.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 331100.00 |
| 140000000 | Fee & User Charges | I-4 | 1666833.00 |
| 150000000 | Sale & Hire Charges | I-5 | 501719.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 164299692.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 556104.00 |
| 180000000 | Other Income | I-9 | 0.0 |
| 190000000 | Prior Period Income | I-19 | 74241.00 |
| | Total Income | | 173861337.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 15870915.00 |
| 220000000 | Administrative Expenses | I-11 | 1752507.00 |
| 230000000 | Operations & Maintenance | I-12 | 2123090.00 |
| 240000000 | Interest & Finance Charges | I-13 | 498.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12004206.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 37094252.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 2990601.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 16188069.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 69149440.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1872075.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 1181.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 11314367.00 |
| | Total Expenditure | | 170361201.00 |
| | Gross Surplus / Deficit of income over Expenditure | | 3500136.00 |

| | | | |
|---|---|---|---|
| | Gross Surplus / Deficit of income over Expenditure | | 5758906.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 2333011.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -2258770.00 |

## Annex3-3

## ബാലൻസ് ഷീറ്റ്

| Madayi Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 34431378.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 26868.00 |
| 312000000 | Reserves | B-3 | 56484586.00 |
| | Total Reserve & Surplus | | 90942832.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 21550174.00 |
| | Total Grants, Contributions for Specific Purposes | | 21550174.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 148482.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2898213.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3046695.00 |
| | TOTAL LIABILITIES | | 115539701.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 251634.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 356655.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 15172710.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 95827551.00 |
| 416000000 | Accumulated Depreciation | B-11(a) | -39578227.00 |
| | Total Fixed Assets | | 72030323.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 15000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 15000.00 |

| | | | |
|---|---|---|---|
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4595188.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 37096595.00 |
| 460000000 | Loans, Advances and Deposits | B-18 | 1802595.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 43494378.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 115539701.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.